# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 16, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--364]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : 1397 മുതൽ 1508 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 1509 മുതൽ 1607 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 1608 മുതൽ 1710 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 1711 മുതൽ 1760 വരെ |

### ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് സഹായം

1397. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ചെറിയപ്പറ്റകുന്ന് നാരായണൻ എന്ന ആൾക്ക് ഇന്ദിര ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

### തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി

1398. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

,, ബി.സത്യൻ

,, കെ.വി.വിജയദാസ്

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2015-16 വർഷത്തേക്ക് തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി (Intensive participatory Planning Exercise) പ്രകാരം കേരളത്തിലെ ബ്ലോക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഐ.പി.പി.ഇ. പ്രകാരം ജില്ലാടിസ്ഥാനത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത് എന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ മറ്റ് ബ്ലോക്കുകളിൽ തൊഴിലുറപ്പ് നിയമമനുസരിച്ചുള്ള പദ്ധതി നടത്തിപ്പിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്താമാക്കാമോ ?

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർചെയ്ത തൊഴിലാളികൾ</u>

1399. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെലവഴിച്ച തുക വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) വേതനം വൈകിയാൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ധനവിനിയോഗം സോഷ്യൽ ഓഡിററിന് വിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഇന്ദിരാ ആവാസ് പദ്ധതി **2014-15**</u>

1400. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര വിഹിതം സംബന്ധിച്ചും സർക്കാർ വിഹിതം സംബന്ധിച്ചും

വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞ വീടുകളുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ഇതിൽ ചെലവഴിക്കാത്ത തുകയുടെ കണക്ക് ലഭ്യമാക്കാമോ?

## ഇന്ദിരാ ആവാസ് യോജന

1401. **ശ്രീ.കെ.മുരളീധരൻ**

**,,** വി.റ്റി.ബൽറാം

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഏതെല്ലാമാണ്; വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

## ഇന്ദിരാ ആവാസ് യോജന

1402. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള നാലുവർഷങ്ങളിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പദ്ധതിയുടെ കേന്ദ്രവിഹിതം കഴിഞ്ഞ നാലുവർഷങ്ങളിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കഴിഞ്ഞ നാലുവർഷങ്ങളിലും പൂർണ്ണമായും

അനുവദിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഇതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ട തുക എത്ര വീതമായിരുന്നു ; ഇതിൽ എത്ര രൂപ ഇതുവരെ നൽകി;

(എഫ്) ബാക്കി തുക എത്രയാണെന്നും ഇത് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്നും വ്യക്തമാക്കുമോ ?

## എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

1403. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പരിശീലന കേന്ദ്രങ്ങൾക്ക് (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ) ലഭിക്കുന്ന കേന്ദ്ര ധനസഹായം ഏത് മേഖലയിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ഇ.റ്റി.സി.കൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം നൽകുന്നുണ്ട് ;

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായം പ്രയോജനപ്പെടുത്തി കോതമംഗലത്ത് ഒരു മോഡൽ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## ഐ.എ.വൈ പദ്ധതി പ്രകാരമുള്ള ധനസഹായം

1404. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചവർക്ക് നൽകുവാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാലയളവ് വിശദീകരിക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ ധനസഹായം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും ഏതു കാലയളവു മുതലെന്നും വിശദീകരിക്കാമോ;

(സി) ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിലുള്ള തടസ്സമെന്തെന്നും ഇക്കാര്യത്തിൽ

സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ?

ഐ.എ.വൈ. ധനസഹായ വിതരണത്തിലെ കുടിശിക

T 1405. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചവർക്ക് നൽകുവാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാലയളവ് വിശദീകരിക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ ധനസഹായം നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും ഏത് കാലയളവ് മുതലെന്നും വിശദീകരിക്കാമോ;

(സി) ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിലുള്ള തടസ്സമെന്തെന്നും ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ?

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എം.ജി.എസ് വൈ പദ്ധതി

1406. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പി.എം.ജി.എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; എത്ര കിലോമീറ്റർ ദൂരം ; അടങ്കൽ തുക എത്രയായിരുന്നു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) 2013-14 വർഷത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളുടെ നിർമ്മാണപ്രക്രിയ എത്ര മാത്രം പൂർത്തീകരിച്ചു, ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2014-15 വർഷത്തിൽ ഏതെല്ലാം റോഡുകൾ ആണ് പി.എം.ജി.എ വൈ പദ്ധതിപ്രകാരം നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; ഓരോന്നിന്റെയും പൂർത്തീകരണം സംബന്ധിച്ച വിശദാംശവും ചിലവായ തുക സംബന്ധിച്ച കണക്കും ലഭ്യമാക്കാമോ ?

കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ അനുവാദം നൽകിയ പ്രവൃത്തികൾ

1407. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എത്ര പ്രവൃത്തികൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>കേന്ദ്ര സർക്കാർ സഹായത്തോടു കൂടിയുള്ള ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ</u>

1408. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹായത്തോടു കൂടി ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും, ഇവ ഓരോന്നിലും എത്ര ശതമാനം വിഹിതമാണ് കേന്ദ്ര സർക്കാർ വഹിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) മുനിസിപ്പൽ/കോർപ്പറേഷനുകളിൽ ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ</u>

1409. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽപ്പെടുന്ന പി.എം.ജി.എസ്.വൈ. പ്രകാരമുള്ള എത്ര പ്രവൃത്തികൾ പണി ആരംഭിച്ചിട്ട് പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ടെണ്ടർ ചെയ്ത് കരാറുകാർ ഏറ്റെടുത്ത ശേഷം നിർമ്മാണം ആരംഭിക്കാതിരിക്കുന്നതും കരാറുകാർ ഏറ്റെടുക്കാതിരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ ചെയ്യേണ്ടതുമായ പ്രവൃത്തികളുടെ

വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഗ്രാമ വികസന പദ്ധതികളുടെ നിർവഹണം സംബന്ധിച്ച കേന്ദ്ര മാനദണ്ഡങ്ങൾ

1410. ശ്രീ.എം.പി.വിൻസെൻറ്

,, കെ.ശിവദാസൻ നായർ

,, ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന പദ്ധതികളുടെ നിർവഹണത്തിൽ കേന്ദ്ര മാനദണ്ഡങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദേശിക്കുന്നത്;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവഹണത്തിൽ കേന്ദ്ര മാനദണ്ഡങ്ങളിൽ എന്തെല്ലാം ഇളവുകൾ വരുത്തുകയുണ്ടായി;

(ഡി) പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതു മൂലം എന്തെല്ലാം നേട്ടങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

1411. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നിനും 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എത്രയെന്നു വ്യക്തമാക്കാമോ;

(സി) ലാപ്സായ തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

ഗ്രാമവികസന വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക

1412. ശ്രീ.എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക്പി.എസ് .സി യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയാമോ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്ന് പറയാമോ ;വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ആൾക്കാർ ജോലി ചെയ്ത് വരുന്നുണ്ടോ; എങ്കിൽ എത്രപേരാണ് ജോലി ചെയ്തുവരുന്നത്;

(ഡി) പി.എസ് .സി റാങ്ക് ലിസ്റ്റിൽ ഉള്ള ഭൂരിപക്ഷം ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിയാറായവരും ഇനി ടെസ്റ്റ് എഴുതാൻ കഴിയാത്തവരും ആണെന്നുള്ള കാര്യം പരിഗണിച്ച്, താൽക്കാലിക നിയമനം നടത്തിയിരിക്കുന്ന വേക്കൻസികൾ ഉൾപ്പെടെ വകുപ്പിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകൾ എല്ലാം പി.എസ് .സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ലഭ്യമായ തുക

1413. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും കേന്ദ്രത്തിൽ നിന്ന് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി എത്ര രൂപ വീതമാണ് ലഭ്യമായിട്ടുള്ളത്;

(ബി) ഈ വർഷം നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപ ലഭ്യമായി;

(സി) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ നൽകിയ തുകയിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചാലക്കുടി മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. റോഡുകൾ.

1414. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി, നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>തൊഴിലുറപ്പ് പദ്ധതി</u>

1415. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൻ പ്രകാരം നിലവിൽ എത്ര പേർ പണിയെടുക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ലഭിച്ച കേന്ദ്രസഹായം എത്ര; നാളിതുവരെ എത്ര തുക സംസ്ഥാനവിഹിതമായി നൽകി; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഏത് മാസം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; മുഴുവൻ കുടിശ്ശികയും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ജി) തൊഴിലുറപ്പ് പദ്ധതിയുടെ മറവിൽ ഇടനിലക്കാർ കൂലി തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>തൊഴിലുറപ്പ് പദ്ധതി</u>

1416. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) തൊഴിലുറപ്പ് പദ്ധതിയ്ക്ക് പകരം സംസ്ഥാന പദ്ധതി പരിഗണനയിലുണ്ടോ ?

## തൊഴിലുറപ്പ് പദ്ധതി

1417. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക ഇവ എത്രയെന്ന് വിശദമാക്കുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം നാളിതുവരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക ഇവ എത്രയെന്ന് വിശദമാക്കുമോ ?

## തൊഴിലുറപ്പ് പദ്ധതി

1418. ശ്രീ.പി.എ.മാധവൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് എന്തെല്ലാം പ്രോൽസാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

## തൊഴിലുറപ്പ് പദ്ധതി

1419. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിപ്രകാരം 2014-15 സാമ്പത്തികവർഷം എത്ര കോടി രൂപ ചെലവഴിച്ചുവെന്നുള്ള വിവരം നൽകുമോ;

(ബി) പുതിയതായി ഏതെല്ലാം മേഖലകളെയാണ് ടി വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര കർഷകരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി കൂലിയിനത്തിൽ കുടിശ്ശിക നൽകാനുണ്ടോ; വിശദവിവരം നൽകുമോ?

## തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ് മെന്റ്

1420. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** അൻവർ സാദത്ത്

**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ് മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

## ദേശീയ തൊഴിലുറപ്പ് പദ്ധതി

1421. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരമായ ജോലി ഉറപ്പു വരുത്തുന്നതിന് ഈ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

<u>നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1422. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നു വ്യക്തമാക്കാമോ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ നബാർഡ് ധനസഹായത്തിനായി തയ്യാറാക്കി അയച്ചിരുന്ന പ്രോപ്പോസലുകൾ എത്രയെന്നും അതിൽ ഏതിനെല്ലാം അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോപ്പോസലുകളിൽ ഉൾപ്പെട്ടിരുന്ന ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>നിലേശ്വരം ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനം</u>

1423. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം നീലേശ്വരം ബ്ലോക്ക് പരിധിക്കുള്ളിലല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>പത്തനംതിട്ട ജില്ലയിലെ റോഡ് നിർമ്മാണം</u>

1424. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പത്തനംതിട്ട ജില്ലയിൽ നിർമ്മാണാനുമതി നല്കിയ റോഡുകളേതെന്നും ഓരോ റോഡിനും അനുവദിച്ച തുകയും എത്രയെന്നും ഇവയിൽ ഇനിയും നിർമ്മാണം പൂർത്തിയാകാത്ത റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ ;

(ബി) അടുത്ത പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പട്ടികയും തുകയും ലഭ്യമാക്കാമോ;

(സി) ഇവയ്ക്ക് ഭരണാനുമതി ആയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) റാന്നി നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിർമ്മാണം പൂർത്തിയാകാത്ത റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ എക്സ്പെൻഡിച്ചർ

1425. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം 2015 ഫെബ്രുവരി 28 വരെ ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പെടെ വിശദമാക്കാമോ;

(ബി) 2015-16 ലേയ്ക്കുള്ള പദ്ധതികൾക്കു രൂപ രേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം - തസ്തികകൾ സംബന്ധിച്ച്

1426. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം 1982- ൽ ആരംഭിച്ചപ്പോൾ ഏതെല്ലാം ശമ്പള സ്കെയിലിലുള്ള ഏതെല്ലാം തസ്തികകളാണ്

അനുവദിച്ചിരുന്നത്;

(ബി) ഇപ്പോൾ പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം ശമ്പള സ്കെയിലിലുള്ള ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം നിലവിലുണ്ട്;

(സി) ജില്ലാതല അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് (ADC ജനറൽ) അനുവദിക്കപ്പെട്ടിട്ടുള്ള ശമ്പള സ്കെയിൽ എത്രയാണ്;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) എഫ് പി എൻ സി ,ബാലുശ്ശേരി കുടുംബശ്രീ/പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

<u>ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയമനം</u>

1427. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഏറ്റവും ഒടുവിലായി ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചത് ആർക്കാണെന്നും സീനിയോറിറ്റി ലിസ്റ്റിലെ ടിയാളുടെ സീനിയോറിറ്റി നമ്പറും വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിൽനിന്നും 2016 ഏപ്രിൽ 30 വരെ എത്രപേർക്ക് ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചേക്കുമെന്നും, അവരിൽ ഏറ്റവും ഒടുവിലായി ഈ നിയമനം ലഭിച്ചേക്കാവുന്നയാളുടെ സീനിയോറിറ്റി നമ്പരും പേരും ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കുമോ ?

<u>മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1428. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി കഴിഞ്ഞ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്;

(ബി) അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു മിച്ചം എത്ര എന്നത് സംബന്ധിച്ച് വിശദമാക്കാമോ?

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

1429. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്ന സമയക്രമം രാവിലെ ഒൻപത് മണി മുതൽ വൈകുന്നേരം നാലു മണി വരെ ആയി ക്രമീകരിക്കുന്ന കാര്യംസർക്കാരിന്റെ പരിഗണനയിലുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1430. ശ്രീ.ടി.എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ് ഗാന്ധി സേവാ ക്രേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1431. ശ്രീ.വി.എസ്.സുനിൽ കുമാർ
,, കെ.അജിത്
,, ഇ.ചന്ദ്രശേഖരൻ

,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 'തീവ്ര പങ്കാളിത്ത ആസൂത്രണ പദ്ധതി' എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലേയ്ക്ക് പരിമിതപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യതയുള്ള ബ്ലോക്കുകളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യം അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ കേന്ദ്ര തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ?

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട്</u>

1432. ശ്രീ.സി.ദിവാകരൻ

,, ചിറ്റയം ഗോപകുമാർ

,, ജി.എസ്.ജയലാൽ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട് തടഞ്ഞിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് തടഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് വേതന കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ശമ്പളയിനത്തിൽ എത്ര കോടി രൂപയാണ് ആവശ്യമുള്ളത്;

(ഡി) ശമ്പള കുടിശ്ശികയിനത്തിൽ ഓരോ ജില്ലയിലും എത്ര തുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

<u>റാന്നി നിയോജകമണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി</u>

1433. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ വഴി എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വർഷം, പഞ്ചായത്ത് എന്നിവ തിരിച്ച് പട്ടിക ലഭ്യമാക്കാമോ?

(ബി) ഓരോ പഞ്ചായത്തിലും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രവീതമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ഈ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ആരംഭിച്ചിട്ടുള്ളത്; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ഈ കേന്ദ്രങ്ങൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് ഈ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വാമനപുരം നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണം

1434. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ള ഏതെല്ലാം റോഡുകളാണ് പണി ആരംഭിക്കാതെയും പണി പൂർത്തിയാക്കാൻ കഴിയാതെയും മുടങ്ങികിടക്കുന്നതെന്നും ഇതിന്റെ കാരണമെന്താണെന്നും വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ മുടങ്ങികിടക്കുന്ന റോഡുകളുടെ പണി വീണ്ടും ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പല തവണ ടെണ്ടർ ചെയ്തിട്ടും പണി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്ത ഏതെല്ലാം റോഡുകളാണ് വാമനപുരം നിയോജകമണ്ഡലത്തിലുള്ളതെന്നും ഇതിനുള്ള പരിഹാരമാർഗ്ഗം എന്താണെന്നും വിശദമാക്കുമോ ?

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

1435. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ വഴി ഗ്രാമവികസന വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) കോതമംഗലം ബ്ലോക്കിൽ സ്വന്തം കെട്ടിടമുള്ള എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ട്; ഇവയിൽ ഏതെല്ലാം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുണ്ട്; സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തവ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ ഓഫീസുകളുടെ അടിസ്ഥാന സൗകര്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സ്വന്തമായി കെട്ടിടമുള്ള വി. ഇ.ഓ . ഓഫീസുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>സെറിഫെഡിൽ നിന്നും പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ അധിക ഇളവുകൾ</u>

1436. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിഫെഡിൽ നിന്നും പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് അധിക ഇളവുകൾ നൽകി പുറപ്പെടുവിച്ച 18.01.2013 തീയതിയിലെ ജി. ഒ. (എം. എസ്.) 25/2013 /എൽ. എസ്. ജി. ഡി. നമ്പർ സർക്കാർ ഉത്തരവ് എത്ര ജില്ലകളിലാണ് ഇത് വരെ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന് സ്പഷ്ടീകരണവുമായി പുറത്തിറക്കിയ 13.06.2014-ലെ ജി. ഒ. (എം. എസ്.) 108/14/എൽ. എസ്. ജി. ഡി. നമ്പർ ഉത്തരവ് 6 മാസമായിട്ടും നടപ്പിൽ വരുത്താത്ത ജില്ലകളുടെ പേരുകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവുകൾ എല്ലാ ജില്ലയിലും നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഹിൽ ഏരിയ ഡെവലപ്പ്മെന്റ്</u>

1437. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഹിൽ ഏരിയ ഡെവലപ്പ്മെന്റ് പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഈ വികസന പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടത്തിയ മണ്ഡലം ഏതാണെന്നും

മണ്ഡലം തിരിച്ചും പഞ്ചായത്തു തിരിച്ചും വ്യക്തമാക്കാമോ ?

ഹിൽ ഏരിയ വികസന അതോറിറ്റി പദ്ധതി

1438. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ വികസന അതോറിറ്റി പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഓരോ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസി

1439. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏര്യാ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ ടി ഏജൻസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) ടി ഏജൻസിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് ;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ് ബ്ലോക്കിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിനെ എച്ച്.എ.ഡി.എ. യിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ മാനദണ്ഡങ്ങളിൽ മാറ്റം

1440. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിരുന്നുവോ;

(ബി) ഇതനുസരിച്ച് ഉദ്പാദന മേഖല, അടിസ്ഥാന സൗകര്യ വികസന മേഖല, സേവന മേഖല എന്നിവയിൽ ചെലവാക്കേണ്ടുന്ന തുക സംബന്ധിച്ച മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം എന്താണ്;

(സി) ഇതിൽ ഉല്പാദന മേഖലയ്ക്കായി 2012-13, 2013-14എന്നീ വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണ്; എത്ര ചെലവഴിച്ചു;

(ഡി) 2014-15 വർഷത്തിൽ ഏറ്റവും അവസാനം ലഭിച്ച കണക്ക് പ്രകാരം ഉദ്പാദന മേഖലയ്ക്ക് നീക്കിവെച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു; ഇത് ആകെ തുകയുടെ എത്ര ശതമാനം വരും?

## വിദ്യാഭ്യാസ വായ്പ

T 1441. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശയിളവിനുവേണ്ടി അപേക്ഷ നൽകിയിട്ടും പ്രഖ്യാപിച്ച നടപടികൾ പൂർത്തിയാക്കാത്തതിനാൽ വായ്പയെടുത്തവരുടെ മേൽ ബാങ്കുകൾ ജപ്തി നടപടികൾ തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണെന്നും അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ് അനുവദിക്കുവാൻ കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുകയുടെ വിനിയോഗത്തെ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

## **2014-15** സാമ്പത്തിക വർഷം വാർഷിക പദ്ധതികൾക്ക് അനുവദിച്ച തുക

1442. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കലിന് എത്ര തുകയാണ് മന്ത്രിസഭ അംഗീകരിച്ചത്;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമാണ് അനുവദിച്ചത്; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ 2015 ഫെബ്രുവരി 28 വരെ വിവിധ വകുപ്പുകൾ ചെലവഴിച്ച തുക എത്ര; എത്ര ശതമാനം ; അവശേഷിക്കുന്ന 30 ദിവസം കൊണ്ട് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു; ആയതിൽ എത്ര തുക 2015 ഫെബ്രുവരി 28 വരെ ചെലവഴിച്ചു;വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) വാർഷിക പദ്ധതിയും, കേന്ദ്രാവിഷ്കൃത പദ്ധതിയും വെട്ടിച്ചുരുക്കി തുക മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## <u>**2015-16** സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1443. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കലിന് എത്ര തുക മന്ത്രിസഭ അംഗീകരിച്ചു;ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2015-16 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനത്തിന് എത്ര തുക കേന്ദ്രം അനുവദിച്ചു;ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോ വർഷവും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;വിശദാംശം ലഭ്യമാക്കാമോ?

## <u>**HADA** പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ പ്രവർത്തികൾ</u>

1444. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) HADA പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവർത്തികൾ സർക്കാരിന്റെൻറെ പരിഗണനയിലുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ

വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>അതുല്യം പദ്ധതിയും ബ്ലോക്ക് പഞ്ചായത്തുകളും.</u>

1445. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷൻ വഴി നടപ്പിലാക്കി വരുന്ന അതുല്യം പദ്ധതിയുടെ വിജയത്തിലേക്കായി എത്ര ബ്ലോക്ക് പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പ്രോജക്ട് തയ്യാറാക്കാതെയും സാമ്പത്തിക സഹായം ചെയ്യാതെയും പദ്ധതിയുമായി സഹകരിക്കാതെയും പല ബ്ലോക്ക് പഞ്ചായത്തുകളും നിസ്സഹകരണ മനോഭാവം പ്രകടിപ്പിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാനും പദ്ധതി വിജയിപ്പിക്കുവാനും നിർദ്ദേശം നൽകാമോ?

<u>ആസൂത്രണ കമ്മീഷന് പകരം സംവിധാനം</u>

1446. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ കമ്മീഷന് പകരമുള്ള സംവിധാനത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ;

(ബി) പുതിയ സംവിധാനത്തെക്കുറിച്ച് കേന്ദ്രത്തെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ;

(സി) പുതിയ സംവിധാനം സംസ്ഥാന താൽപര്യത്തിന് ദോഷകരമാകുമെന്ന് കരുതുന്നുണ്ടോ?

<u>ഐ.എ.വൈ. പദ്ധതി</u>

1447. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിരുന്നുവെന്ന് പറയാമോ ;

(ബി) ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം ഇതേവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് പറയാമോ;

(സി) എല്ലാ വീടുകളും പൂർത്തിയാക്കുന്നതിനാവശ്യമായ തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഇ) പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന വീടുകൾക്ക് ഈ സാമ്പത്തിക വർഷം തന്നെ തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഗ്രാമവികസന വകുപ്പിന്റെ ബജറ്റ് വിഹിതം

1448. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന് 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ബജറ്റിൽ അനുവദിച്ച തുക എത്രയാണ്;

(ബി) ഇതിൽ അവസാന റിപ്പോർട്ട് പ്രകാരം എത്ര തുക ചെലവഴിച്ചു; ചെലവഴിച്ച തുക ശതമാനത്തിൽ വ്യക്തമാക്കാമോ?

ധനകാര്യ കമ്മീഷന് മുൻപാകെ സംസ്ഥാനത്തിൻെറ ആവശ്യങ്ങൾ

T 1449. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, തേറമ്പിൽ രാമകൃഷ്ണൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ധനകാര്യ കമ്മീഷന് മുൻപിൽ സംസ്ഥാനം എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനം ഉന്നയിച്ച ഏതെല്ലാം ആവശ്യങ്ങളാണ് ധനകാര്യ കമ്മീഷന്റെ

ശ്രുപാർശയിൽ ഉള്ളത് ;

(ഡി) സംസ്ഥാനം ഉന്നയിച്ച മുഴുവൻ ആവശ്യങ്ങളും നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

<u>നബാർഡ് പദ്ധതികൾ വഴി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചെലവഴിച്ച തുക</u>

1450. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതികൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഈ തുക ഏറ്റവും കൂടുതൽ ചെലവഴിച്ചത് ഏത് മണ്ഡലത്തിലാണെന്നും ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും മണ്ഡലം /പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

<u>നവരത്നപദ്ധതികൾ</u>

T 1451. ശ്രീ.കെ.ശിവദാസൻ നായർ

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 -ന്റെ ഭാഗമായി നവരത്നപദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ മോണിട്ടർ ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>നീതി ആയോഗ്</u>

T 1452. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ രൂപീകരിച്ച നീതി ആയോഗിന്റെ ഘടനമൂലം സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിപ്രകാരമുള്ള നിർമ്മാണപ്രവർത്തനങ്ങൾ മാർച്ച് 31 നകം പൂർത്തിയാക്കി ബില്ലുകൾ നൽകണമെന്ന വ്യവസ്ഥ വെച്ചിട്ടുണ്ടോ;

(ഡി) സാമ്പത്തിക വർഷത്തിൻെറ അവസാന പാദത്തിലെ ഇത്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>പതിനാലാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനം</u>

T 1453. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന് സംസ്ഥാനം നൽകിയിരുന്ന നിവേദനത്തിൽ ഉന്നയിച്ച എന്തെല്ലാം ആവശ്യങ്ങൾ കമ്മീഷൻ അംഗീകരിക്കുകയുണ്ടായി; വിശദമാക്കാമോ;

(ബി) എന്തെങ്കിലും ആവശ്യം പൂർണ്ണമായും അവഗണിക്കപ്പെടുകയുണ്ടായോ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച നിലപാട് സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തലുകൾ വെളിപ്പെടുത്താമോ?

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക അവലോകനം</u>

T 1454. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും വാർഷിക പദ്ധതി തുക എത്ര വീതമായിരുന്നു ; ഓരോ വർഷവും ചെലവാക്കിയ തുക എത്ര ; ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ;

(ബി) ഓരോ പദ്ധതികാലത്തും ലക്ഷ്യമിട്ട വളർച്ചാനിരക്ക് എത്ര ; കൈവരിച്ച വളർച്ചാനിരക്ക് എത്രയായിരുന്നു ;

(സി) ആളോഹരി വരുമാനം, ഓരോ പദ്ധതി കാലത്തും എത്രയായിരുന്നു ;

(ഡി) ഓരോ പദ്ധതി കാലത്തേയും ബഡ്ജറ്റ് കമ്മിയെ സംബന്ധിച്ച് വിശദമാക്കാമോ ;

(ഇ) ഓരോ പദ്ധതി കാലത്തും നികുതി വിഹിതം ഉൾപ്പെടെയുള്ള കേന്ദ്ര വിഹിതം എത്രയായിരുന്നു ; അത് കുറവായിരുന്നോ ;വിശദമാക്കുമോ ?

## പ്ലാനിംഗ് ബോർഡ്-നടപ്പ് വർഷത്തെ പദ്ധതി അവലോകനം

1455. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷത്തെ പദ്ധതി പ്രവർത്തനം പ്ലാനിംഗ് ബോർഡ് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വിവരിക്കാമോ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ശതമാനം ഓരോ വകുപ്പും 28.2.2015 വരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടായ കുറവെത്ര; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) നടപ്പുവർഷത്തെ പ്രഖ്യാപിത പദ്ധതികളിൽ എത്ര ശതമാനം ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ?

## പി.എം.ജി.എസ്.വൈ പദ്ധതി

1456. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്. വൈ പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ 2011-12, 2012-13, 2013- 14 കാലയളവിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഏതെങ്കിലും പ്രവൃത്തിക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(സി) പി.എം.ജി.എസ്. വൈ പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി

ലഭിക്കുകയും പണി ആരംഭിക്കുകയും പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്ത റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മിഷൻ **676**</u>

1457. ശ്രീ.എ.റ്റി.ജോർജ്
,, വി.പി.സജീന്ദ്രൻ
,, പി.സി വിഷ്ണുനാഥ്
,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>മിഷൻ **676 -** അഞ്ചിന പദ്ധതികൾ</u>

T 1458. ശ്രീ.പാലോട് രവി
,, എ.റ്റി.ജോർജ്
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 -ന്റെ ഭാഗമായി അഞ്ചിന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന്; വിശദമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രവർത്തനം മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>മിഷൻ **676 -**ന്റെ ഭാഗമായുള്ള വികസന, ക്ഷേമ, സേവന ദൗത്യങ്ങൾ</u>

T 1459. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 -ന്റെ ഭാഗമായി വികസന, ക്ഷേമ, സേവന ദൗത്യങ്ങൾ എന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്നു വിശദമാക്കാമോ ;

(സി) ദൗത്യങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ദൗത്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>മിഷൻ **676** വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ</u>

1460. ശ്രീ.ഹൈബി ഈഡൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികള്‍ സമയബന്ധിതമായി നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം

T 1461. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അടുത്ത മൂന്ന് സാമ്പത്തിക വര്‍ഷത്തേയ്ക്ക് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം നല്‍കാന്‍ കേന്ദ്ര ഗവണ്‍മെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി പതിനാലാം ധനകാര്യ കമ്മീഷന്‍ എന്തെല്ലാം വ്യവസ്ഥകള്‍ ശിപാര്‍ശ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കുള്ള എല്ലാ നിബന്ധനയും സംസ്ഥാന സര്‍ക്കാര്‍ അംഗീകരിച്ചിട്ടുണ്ടോ; നിബന്ധനകള്‍ വിശദമാക്കാമോ;

(ഡി) ഇത് സംബന്ധമായി കേന്ദ്ര ഗവണ്‍മെന്റില്‍ നിന്നും ലഭിച്ച കത്തുകളുടെ പകര്‍പ്പുകള്‍ ലഭ്യമാക്കാമോ?

## വാര്‍ഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി

1462. ശ്രീ.ജി.സുധാകരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014-15 സാമ്പത്തികവര്‍ഷത്തെ വാര്‍ഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി ആസൂത്രണബോര്‍ഡ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കില്‍ ലഭ്യമായ വിവരങ്ങള്‍ നല്കുമോ;

(ബി) 2014-15 വര്‍ഷത്തെ ബഡ്ജറ്റില്‍ ഫെബ്രുവരി 28 വരെ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും, വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ഓരോ വകുപ്പും ചിലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) തദ്ദേശസ്ഥാപനങ്ങള്‍ക്ക് ബഡ്ജറ്റില്‍ വകയിരുത്തപ്പെട്ട ആകെ തുക എത്രയായിരുന്നു ; എത്ര ശതമാനം തുക 2015 ഫെബ്രുവരി 28 വരെ തദ്ദേശസ്ഥാപനങ്ങള്‍ക്ക് നല്‍കുകയുണ്ടായി ; ഇതില്‍ ചെലവഴിക്കപ്പെട്ട തുക എത്ര ; ശതമാനം എത്ര;

(ഡി) സാമ്പത്തികവർഷം അവസാനിക്കാറായത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം</u>

1463. ശ്രീ.എം.പി.വിൻസെൻറ്

,, അൻവർ സാദത്ത്

,, വി.ഡി.സതീശൻ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1464. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവ ഓരോന്നിനും 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക അനുവദിച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ ;

(സി) ഇതിൽ സംസ്ഥാനം വിഹിതം നൽകേണ്ടുന്ന പദ്ധതികൾ ഏതെല്ലാം ; അവ ഓരോന്നിനും സംസ്ഥാന സർക്കാർ എന്ത് തുക നീക്കിവച്ചുവെന്നറിയിക്കാമോ ?

<u>സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1465. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി മാറ്റം വരുത്തേണ്ടതായി കണക്കാക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പദ്ധതികളുടെ പേരും മാറ്റം വരുത്തേണ്ടത് സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം പദ്ധതികളിൽ എന്തെല്ലാം മാറ്റങ്ങൾ ആവശ്യമുണ്ടെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടായിരുന്നുവെന്നും ഓരോ പദ്ധതിയുടെ കാര്യത്തിലും വരുത്താനുദ്ദേശിച്ച മാറ്റം എന്തായിരുന്നുവെന്നും വിശദമാക്കാമോ?

<u>സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്</u>

1466. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് എപ്പോഴാണ് ആരംഭിച്ചത്;അന്തിമ ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയും;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന് ജാതി സെൻസസ് പ്രകാരമുള്ള ലിസ്റ്റ് ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഹിൽ ഏര്യ ഡവലപ്മെന്റ് ഏജൻസി വഴി പഞ്ചായത്തുകളിലെ പ്രവൃത്തികൾ</u>

1467. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഹിൽ ഏര്യ ഡവലപ്മെന്റ് ഏജൻസി വഴി ഏതെല്ലാം പഞ്ചായത്തുകളിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്തുമോ;

(സി) ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിലെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച പ്രവൃത്തികൾ റദ്ദ് ചെയ്യുകയോ നിർത്തിവെക്കുകയോ ചെയ്യാനുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ?

## ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി

1468. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏര്യാ ഡവലപ്മെന്റ് ഏജൻസി എന്നാണ് രൂപീകരിച്ചത്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ , ഘടനാരൂപം , പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് ആരാണ് എന്നിവ വിശദമാക്കാമോ;

(ബി) മലയോര വികസനത്തിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഈ ഏജൻസിക്ക് അധികാരമുള്ളതെന്നും ഇതിനുള്ള പണം ഏജൻസിക്ക് എങ്ങനെയാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(സി) രൂപീകരിച്ച വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഓരോ വർഷവും ഏതൊക്കെ വികസന പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പത്തനംതിട്ട ജില്ലയിൽ 2014-15 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും നിയോജക മണ്ഡല അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## എടക്കര ക്ഷീരോൽപാദക സഹകരണ സംഘത്തിന് കെട്ടിടം.

1469. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പട്ടർപാലം എടക്കര ക്ഷീരോൽപാദക സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള സംഘം പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന്

വെളിപ്പെടുത്താമോ?

<u>പാലുല്പാദനത്തിൽ കുറവ്</u>

1470. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട് ;

(ബി) കടുത്ത വേനൽമൂലം പാലുല്പാദനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ എത്ര ലിറ്റർ ശരാശരി കുറവുണ്ടായിട്ടുണ്ട് ;

(സി) വേനൽക്കാലത്ത് പാലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്ത് നടപടികളാണ് ക്ഷീരവികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് നൽകി പ്രോത്സാഹിപ്പിക്കാനും, അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

<u>ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കമ്മിറ്റി</u>

1471. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ?

<u>ക്ഷീരകർഷക ക്ഷേമനിധി</u>

1472. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട് ;

(ബി) ക്ഷേമനിധിയിൽ നിന്നും നിലവിൽ എത്രപേർക്ക് പെൻഷൻ നൽകിവരുന്നുണ്ട് ;

(സി) മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് നൽകി വരുന്നത് ; വിശദാംശം വ്യകതമാക്കാമോ ?

<u>പാൽ സംഭരണവും ഗുണനിലവാര പരിശോധനയും</u>

1473. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ എത്തിച്ച് വിറ്റഴിക്കുന്ന പാൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ ഗ്രാമീണ മേഖലകളിലും എത്തി പാൽ ശേഖരിക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>വ്യാജ പാൽ വിപണനം തടയുവാനും കൂടുതലായി പാൽ ശേഖരിക്കാനും നടപടികൾ</u>

1474. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി ഗ്രാമങ്ങളിലെ മലയോരപ്രദേശങ്ങളിൽ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യാജ കവർപാൽ വിറ്റഴിക്കുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) കൃത്രിമപാലിന്റേയും പാലുൽപ്പന്നങ്ങളുടേയും വിപണനം തടയാൻ ഇതുവരെ എന്തെങ്കിലും നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കൃത്രിമപാൽ വിതരണം വ്യാപകമാകുന്നത് തടയാൻ മിൽമ പാൽ കൂടുതലായി ശേഖരിക്കാനും വിപണനം നടത്താനും നടപടി സ്വീകരിക്കുമോ?

<u>പയ്യന്നൂർ പൂരക്കളി കലാ അക്കാദമി</u>

1475. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ ആസ്ഥാനമായി സ്ഥാപിക്കുന്ന പൂരക്കളി കലാ അക്കാദമിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>കണ്ണപുരത്തെ കലാഗ്രാമം</u>

1476. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ;

(ബി) കലാഗ്രാമത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>കലാകാര പെൻഷൻ</u>

1477. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കലാകാര പെൻഷൻ എത്രപേർക്ക് നൽകിവരുന്നുണ്ട്; അത് പ്രതിമാസം എത്ര രൂപവീതമാണ്;

(ബി) കലാകാര പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്;

(സി) കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) വർദ്ധിച്ച വിലക്കയറ്റവും ജീവിതചെലവുകളും കണക്കിലെടുത്ത് കലാകാര പെൻഷൻ കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>കുത്തിയോട്ട പരിശീലന കേന്ദ്രം</u>

1478. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറെ പ്രശസ്തമായ അനുഷ്ഠാനകലയായ കുത്തിയോട്ട ചുവടും പാട്ടും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പരമ്പരാഗത കുത്തിയോട്ട ആശാൻമാരുടെ മേൽ നോട്ടത്തിൽ ഓണാട്ടുകരയിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>കൊച്ചിൻ ബിനാലെ പദ്ധതി</u>

1479. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ബിനാലെ പദ്ധതി സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചത് ഏത് കാലയളവിലാണ് ; ഇത് സംബന്ധിച്ച ആദ്യ മന്ത്രിസഭാ തീരുമാനം വിശദമാക്കാമോ ;

(ബി) ബിനാലെയുടെ പിന്നിട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ബിനാലെയ്ക്ക് വേണ്ടി ആദ്യഘട്ടത്തിൽ പരിശ്രമം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ ; എങ്കിൽ ആ തീരുമാനം പിന്നീട് വേണ്ടെന്ന് വച്ചതിന്റെ കാരണം എന്തായിരുന്നു ;

(ഡി) ബിനാലെയ്ക്ക് ആദ്യഘട്ടം സർക്കാർ സഹായം നൽകിയ നടപടി വിമർശിക്കപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കുമോ ; ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക വീതം ബിനാലെയ്ക്ക് നൽകിയിട്ടുണ്ട് ;

(ഇ) ബിനാലെ സംഘടിപ്പിക്കുക വഴി സംസ്ഥാനത്തിനുള്ള നേട്ടം വിശദമാക്കാമോ ?

<u>കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം</u>

1480. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിലെ കഥകളി രൂപങ്ങൾക്ക് ആടയാഭരണങ്ങൾ അണിയിച്ചു നൽകാനുള്ള പ്രവർത്തി കേരള കലാമണ്ഡലത്തിന് നൽകിയത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) എത്ര തുകയുടെ പ്രവർത്തിയാണ് നൽകിയിരുന്നത് ;വ്യക്തമാക്കാമോ?

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ?

<u>നൂറനാട് നന്ദികേശശില്പ പൈതൃക ഗ്രാമം</u>

1481. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;ഇത് സംബന്ധിച്ച ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ബി) നൂറനാട്, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>മിഷൻ **676** ലൂടെ സാംസ്കാരിക രംഗത്തെ പദ്ധതികൾ</u>

1482. **ശ്രീ.**ബെന്നി ബെഹനാൻ

**,,** വർക്കല കഹാർ

**,,** പാലോട് രവി

**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക രംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ?

<u>രാജാരവിവർമ്മ സ്മാരക നിർമ്മാണം</u>

1483. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിതകലാ അക്കാദമി ഇതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുംവിശദമാക്കാമോ; ,

(ബി) ഏത് ഏജൻസിയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതെന്നും ഇതുവരെ ഏതെല്ലാം തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) കേന്ദ്രസഹായമഭ്യർത്ഥിച്ചുകൊണ്ട് സാംസ്കാരിക വകുപ്പോ ലളിതകലാ അക്കാദമിയോ ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) സ്മാരകത്തെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ?

## ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം

1484. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം ദേശീയപാതയിലുള്ള സൈൻബോർഡുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സാംസ്കാരിക വകുപ്പിന് അനുവദിച്ച ഫണ്ട്

1485. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതം തുക അനുവദിച്ചു;

(സി) എത്ര തുക ചെലവഴിച്ചുവെന്നും മിച്ചം എത്രയെന്നും വ്യക്തമാക്കുമോ?

## 'വികസന സമന്വയം'

1486. ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്.രാജേന്ദ്രൻ
,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വികസന സമന്വയം' എന്ന പേരിൽ സർക്കാർ വാർത്താപത്രിക പുറത്തിറക്കുന്നുണ്ടോ; ഇതിന്റെ ഉദ്ദേശം വ്യക്തമാക്കാമോ ;

(ബി) ഈ പ്രസിദ്ധീകരണത്തിന്റെ സർക്കുലേഷൻ നടത്തിവരുന്നത് എങ്ങനെയാണ്;

(സി) ഈ പ്രസിദ്ധീകരണം ഏതെങ്കിലും പ്രമുഖ ദിനപത്രത്തോടൊപ്പം വിതരണം ചെയ്യാൻ സർക്കാർ അനുമതി നൽകിയിരുന്നുവോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇതിനായി താല്പര്യപത്രം ക്ഷണിച്ചിരുന്നുവോ; വിശദാംശം നൽകാമോ ;

(ഇ) ഏതെല്ലാം പ്രദേശങ്ങളിലാണ് 'വികസന സമന്വയം' ദിനപത്രത്തോടൊപ്പം വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; എത്ര കോപ്പി അച്ചടിച്ചുവെന്നും വിതരണം ചെയ്തതെത്രയെന്നുമുള്ള വിവരം ലഭ്യമാണോ;

(എഫ്) ഇതിനായി എത്ര തുക ചെലവായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ജി) ഇതിന്റെ ഭാഗമായി ദിനപത്രങ്ങളിലൂടെയുള്ള പരസ്യങ്ങൾ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ?

## റൺ കേരള റൺ സംഘടിപ്പിക്കാൻ നൽകിയ കരാർ

1487. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ പ്രചരണാർഥം നടത്തിയ റൺ കേരള റൺ കൂട്ടയോട്ടം സംഘടിപ്പിക്കാൻ നൽകിയ കരാർ പ്രകാരം ഏതൊക്കെ മാധ്യമങ്ങൾക്ക് എത്ര തുക വീതം വാർത്തക്കും പരസ്യത്തിനുമായി ലഭ്യമാക്കി എന്ന് വിശദമാക്കാമോ;

(ബി) മലയാള മനോരമയ്ക്ക് മാത്രമായി കൂട്ടയോട്ടം സംഘടിപ്പിക്കാനായി സർക്കാർ നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ അഴിമതി നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സർക്കാർ പരസ്യം

1488. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2015 ഫെബ്രുവരി മാസം വരെ ഓരോ വർഷവും വിവിധ ദൃശ്യപത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിലും അല്ലാതെയും എന്ത് തുക നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികൾക്ക് മാത്രം പരസ്യങ്ങൾക്കായി നാളിതുവരെ ചിലവഴിച്ച തുകയെത്ര ;

(സി) റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ദൃശ്യപത്ര മാധ്യമങ്ങൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടം ലംഘിച്ച് പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ഏതെല്ലാം ദൃശ്യപത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ തുക അനുവദിച്ചു ;

(ഇ) റൺ കേരള റൺ, നാഷണൽ ഗെയിംസ് ഇവയ്ക്കായി മാത്രം പരസ്യയിനത്തിൽ ചിലവഴിച്ച തുക എത്ര ; ഏതൊക്കെ ദൃശ്യപത്ര മാധ്യമങ്ങൾക്ക് എത്ര തുക വീതമെന്ന് വ്യക്തമാക്കുമോ ;

## സർക്കാർ പരസ്യം നല്കിയ ഇനത്തിൽ ചെലവായ തുക

1489. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും സർക്കാർ പരസ്യം നല്കിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുകയുടെ കണക്ക് വിശദമാക്കാമോ ;

(ബി) സർക്കാർ നല്കിയ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച ഇനത്തിൽ 2015 ഫെബ്രുവരി അവസാനംവരെയുള്ള കണക്കുകൾ പ്രകാരം കൊടുത്ത് തീർക്കാനുള്ള തുകയുടെ കണക്കുകൾ വിശദമാക്കാമോ ;

(സി) പത്ര-ദൃശ്യ മാധ്യമങ്ങൾക്കും മറ്റും പരസ്യം നല്കുന്നതിനും പി.ആർ.ഡി. വഴിയുള്ള പ്രസിദ്ധീകരണങ്ങൾക്കും ഉൾപ്പെടെ മൊത്തം എത്ര കോടി രൂപ തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ഡി) വകയിരുത്തപ്പെട്ട തുകയിൽ കൂടുതൽ ബാധ്യത ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അധിക ചെലവ് എത്ര ശതമാനമായിരിക്കുമെന്ന് വ്യക്തമാക്കാമോ ?

## സർക്കാർ പദ്ധതികളുടെ പ്രചരണത്തിനായുള്ള പരസ്യം

T 1490. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സർക്കാർ പദ്ധതികളുടെ പ്രചരണത്തിനായി ആകെ എത്ര തുകയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഓരോ വർഷവും എത്ര തുകയുടെ പരസ്യം നൽകിയെന്ന് വിശദമാക്കാമോ?

## സർക്കാരിന്റെ പത്ര പ്രസിദ്ധീകരണം

T 1491. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വന്തമായി പത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ദിനപത്രമായിട്ടാണോ പ്രതിവാരപത്രിക ആയാണോ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പത്രം ജനങ്ങൾക്ക് സൗജന്യമായി നൽകുവാനാണോ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) സൗജന്യമായാണു നൽകുന്നതെങ്കിൽ കേരളത്തിലെ എല്ലാ കുടുംബങ്ങളിലും പത്രം എത്തിക്കുവാൻ ഏതു മാർഗ്ഗമാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഇ) എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി ലഭ്യമാക്കുവാൻ എത്ര കോപ്പി പ്രസിദ്ധീകരിക്കേണ്ടിവരും എന്നു വ്യക്തമാക്കുമോ;

(എഫ്) ദിനപത്രമാണെങ്കിൽ പ്രതിദിനം എത്ര തുക ചെലവഴിക്കേണ്ടിവരുമെന്നും പ്രതിവാര പത്രികയാണെങ്കിൽ ആഴ്ചതോറും എത്ര തുക ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

## സർക്കാർ പരസ്യങ്ങൾക്ക് ചെലവഴിച്ച തുക

T 1492. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിമാരും അതത് വകുപ്പ് മുഖേന പരസ്യത്തിന് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പത്ര-ദൃശ്യമാധ്യമങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവയ്ക്കായി ചെലവഴിച്ച തുക ഇനംതിരിച്ച് വിശദമാക്കുമോ;

(സി) പരസ്യത്തിനായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം നൽകുമോ?

## ആഗോള പ്രവാസി മലയാളി സംഗമം

1493. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള പ്രവാസി മലയാളി സംഗമ പ്രഖ്യാപനങ്ങളും തീരുമാനങ്ങളും എന്തൊക്കെയെന്നു വിശദമാക്കാമോ ;

(ബി) സംഗമത്തിന്റെ ഭാഗമായി പുനരധിവാസപാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

## ഗൾഫ് നാട്ടുകളിൽ നിന്നും തിരിച്ചുവന്ന മലയാളികൾ

1494. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുവൈറ്റിൽ വിദേശ തൊഴിലാളികളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം ഉണ്ടായതിനെ തുടർന്നു നാട്ടിലേക്ക് തിരിച്ച് വരാൻ നിർബന്ധിക്കപ്പെട്ട പ്രവാസി മലയാളികൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മേൽ കാരണം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ ഗൾഫ് നാട്ടുകളിൽ നിന്നും സംസ്ഥാനത്തേക്ക് തിരിച്ചുവന്ന ഗൾഫ് മലയാളികളുടെ ആകെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഗൾഫ് നാട്ടുകളിൽ കഴിയുന്നവരിൽ സ്വദേശത്തേക്ക് മടക്കി അയയ്ക്കപ്പെടൽ ഭീഷണി നേരിട്ടവർ എത്രയാണെന്നും ഏതെല്ലാം ഗൾഫ് നാട്ടുകളിൽ എത്ര വീതം

എന്നും വ്യക്തമാക്കുമോ ?

<u>ഗൾഫ് നാടുകളിൽ വിചാരണ നേരിടുന്ന കേരളീയർ</u>

1495. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര കേരളീയർ ഗൾഫ് നാടുകളിൽ വിവിധ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട് വിചാരണ നേരിടുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നിയമ സഹായം ഉറപ്പുവരുത്തുന്നതിന് നോർക്ക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

<u>തിരിച്ചെത്തിയ നഴ്സുമാർ</u>

T 1496. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ ആഭ്യന്തര സംഘർഷത്തെ തുടർന്ന് കേരളത്തിൽ തിരിച്ചെത്തിയ നഴ്സുമാർ ഉൾപ്പെടെയുള്ള എത്ര പേർക്ക് സർക്കാർ മുൻകൈ എടുത്ത് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആകെ എത്ര നഴ്സുമാരും അനുബന്ധ പാരാമെഡിക്കൽ സ്റ്റാഫും തിരിച്ചെത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) തിരിച്ചെത്തിയ എത്ര നഴ്സുമാർക്ക് എത്ര രൂപ വീതം അടിയന്തിര സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ?

<u>നിതാഖാത്ത് നിയമം മൂലം നാട്ടിലേക്ക് മടങ്ങിവന്നവരുടെ പുനരധിവാസം</u>

1497. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖാത്ത് നിയമം മൂലം നാട്ടിലേക്ക് മടങ്ങിവന്ന എത്ര പേരാണ് സംസ്ഥാനത്ത് ആകെയുള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി)

<u>നോർക്ക ലഭ്യമാക്കുന്ന ധനസഹായങ്ങൾ</u>

1498. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് നോർക്ക ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ;

(സി) വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സാന്ത്വനം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് പേര്, സ്ഥലം, ലഭിച്ച തുക എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

<u>നോർക്കയിൽ നിന്നുള്ള ധനസഹായം</u>

1499. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് അപകടമരണം സംഭവിക്കുന്നവരുടെ കുടുംബത്തിന് നോർക്ക വഴി ലഭിക്കുന്ന ധനസഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കുമോ ?

<u>പ്രവാസി ക്ഷേമനിധി ബോർഡ്</u>

1500. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡിലെ ഇതുവരെയുള്ള അംഗസംഖ്യ എത്രയെന്നറിയിക്കാമോ;

(സി) ക്ഷേമനിധി ബോർഡിന്റെ ആസ്തി സംബന്ധിച്ച വിശദാംശം നല്കാമോ;

(ഡി) അംഗങ്ങൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ഇ) പ്രവാസികൾക്ക് പ്രായപരിധി നോക്കാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

## പ്രവാസി പുനരധിവാസ പാക്കേജ്

1501. ശ്രീ.സി.ദിവാകരൻ
,, പി.തിലോത്തമൻ
,, കെ.രാജു
,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസ പാക്കേജിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ യോഗ്യതയുള്ള അപേക്ഷകൾ എത്ര ;

(ബി) ബാങ്കുകളിൽ നിന്നും വായ്പ ലഭിച്ച എത്ര അപേക്ഷകരുണ്ട്; സബ് സിഡി ലഭിച്ചവരുടെ എണ്ണം,ലഭിച്ച തുക എന്നിവ വ്യക്തമാക്കുമോ ?

## പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നടപടി

1502. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) കോൺസുലാർ സേവനം സംബന്ധിച്ച് പ്രവാസികളായ മലയാളികൾ അനുഭവിക്കുന്ന പരാതികളും പ്രശ്നങ്ങളും എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ

ആയതിനായുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നിതാഖത്ത് നിയമം കർശനമാക്കിയതിന്റെ ഫലമായി എത്ര മലയാളികൾക്ക് ഗൾഫ് മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിതാഖത്ത് നിയമം വഴി ജോലി നഷ്ടമായി നാട്ടിൽ തിരിച്ചെത്തുന്നവരുടെ പുനരധിവാസ പാക്കേജിന്റെ വിശദാംശം ലഭ്യമാക്കാമോ?

## പ്രവാസി സ്വയം തൊഴിൽ സംരംഭങ്ങൾ

1503. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനഃരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇത്തരം സ്വയം തൊഴിൽ സംരംഭങ്ങളുടെ വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കുറഞ്ഞ നിരക്കിൽ വായ്പ നൽകി പ്രവാസി സ്വയം തൊഴിൽ സംരംഭങ്ങൾ ഊർജിതപ്പെടുത്തുമോ?

## പ്രവാസികൾക്ക് സ്വയംതൊഴിൽ

1504. **ശ്രീ.എം.എ.ബേബി**
**,, കെ.വി.അബ്ദുൾ ഖാദർ**
**ശ്രീമതി.കെ.കെ.ലതിക**
**ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം തിരിച്ചെത്തിയവരുടെയും അവരിൽ സർക്കാർ പദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തിയവരുടെയും കണക്കുകൾ ലഭ്യമാണോ;

(സി) പ്രവാസിക്ഷേമനിധിയിൽ നിന്നും നൽകുന്ന പെൻഷൻ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവാസികൾക്ക് പെൻഷൻ യഥാസമയം ലഭിക്കുന്നുണ്ടോയെന്നും, ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ചും വിശദീകരിക്കാമോ?

<u>മാലി ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനം</u>

1505. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിദ്വീപിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെക്കുറിച്ചുള്ള വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ വിവരശേഖരം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ഇത്തരത്തിൽ ജയിലിൽ കഴിയുന്നവരിൽ നിരപരാധികളും ശിക്ഷാകാലാവധി പൂർത്തിയായവരും ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം ആളുകളെ മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

<u>മാലിയിലേക്കുള്ള മനുഷ്യക്കടത്ത്</u>

1506. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വേണ്ടത്ര ഉറപ്പ് വരുത്താതെ കേരളത്തിൽ നിന്നും ആളുകളെ മാലിയിലേക്ക് കൊണ്ടുപോകുന്നതായി എംബസി വഴിയോ കേന്ദ്ര സർക്കാർ വഴിയോ നോർക്കയ്ക്ക് അറിയിപ്പ് ലഭിച്ചിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) അറിയിപ്പിനെത്തുടർന്ന് ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>മിഷൻ **676** ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ</u>

1507. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.ശിവദാസൻ നായർ

,, ടി.എൻ. പ്രതാപൻ

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

<u>സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ.</u>

1508. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, എം.ഉമ്മർ

,, സി.മമ്മൂട്ടി

,, റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ജോലിക്ക് റിക്രൂട്ടിംഗ് നടത്തുന്ന സ്വകാര്യ ഏജൻസികൾ, തൊഴിലന്വേഷകരെ ചൂഷണം ചെയ്ത് തട്ടിപ്പ് നടത്തുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സർക്കാർ മുന്നറിയിപ്പുകൾ അവഗണിച്ച് തൊഴിലന്വേഷകർ തട്ടിപ്പ് സ്ഥാപനങ്ങളെ ആശ്രയിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഒഡേപെക് പോലുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) തൊഴിലന്വേഷകർ ചതിയിൽപ്പെടാതിരിക്കാൻ ഏതെങ്കിലും പുതിയ നടപടികൾ പരിഗണിക്കുന്നുണ്ടോ ;എങ്കിൽ വിശദമാക്കുമോ?

## 'നിറവ്' പദ്ധതി

1509. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതിയ്ക്കായി 2014 -15 വർഷം എത്ര കോടി രൂപ അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 'നിറവ് 'പദ്ധതിയുടെ ക്രോഡീകരണം നടത്തുന്നതിൽ ജില്ലാ ഓഫീസർമാർ അനാസ്ഥ കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പും കൃഷി വകുപ്പും തമ്മിൽ വേണ്ടത്ര കോർഡിനേഷൻ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വരും വർഷം ഈ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കർഷകർക്കുള്ള നഷ്ടപരിഹാരം

1510. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 26-4-2013 ന് ഉണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് ചാല ദുരന്തത്തിന്റെ മാതൃകയിൽ സ്പെഷ്യൽ പാക്കേജിൽപെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദീകരിക്കാമോ;

(ബി) സഹായത്തിന്റെ ഭാഗമായി 150,29910 രൂപയുടെ ക്ലെയിം കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളത് വിതരണം ചെയ്തുവോ; ഉണ്ടെങ്കിൽ കർഷകൻ, ലഭിച്ച തുക, പ്രദേശം, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സബ്മിഷന് മറുപടിയായി നിയമസഭയിൽ ഉറപ്പ് നൽകിയപ്രകാരം ബാക്കി തുക 2014 ആഗസ്റ്റ് 16 നകം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

## അസിസ്റ്റന്റ് ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർ

1511. ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിലെ മുഴുവൻ കൃഷി ഓഫീസർമാരും ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർമാരാണോ;ഇല്ലെങ്കിൽ ഇതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ബി.എസ്.സി കൃഷിശാസ്ത്രം സിലബസ് മാനദണ്ഡമാക്കി പി.എസ്.സി നടത്തുന്ന അർഹതാനിർണ്ണയ പരീക്ഷ വിജയിച്ച് കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നവരെ ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർമാരായി പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മതിയായ ഫിൽഡ് പരിജ്ഞാനവും നിശ്ചിത വർഷം സർവ്വീസ്സുമുള്ള കൃഷി അസിസ്റ്റന്റ്മാരെ അസിസ്റ്റന്റ് ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർമാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## നിറവ് പദ്ധതി

1512. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയിലേയ്ക്ക് നിയോജകമണ്ഡലങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ മണ്ഡലത്തെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമി

1513. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീമേനി ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഏക്കർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിയിൽ വലിയൊരു ശതമാനം ഇപ്പോഴും തരിശിട്ടുകിടക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

## മാമം നാളികേര കോംപ്ലക്സ്

1514. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംയുക്ത സമരസമിതിയുമായി ഏതെല്ലാം ധാരണയിലെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സ്ഥാപനം വൈവിദ്ധ്യവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) സ്ഥാപനത്തിൽ പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഇ) നിയമനം നടത്തിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

## സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

1515. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിടകർഷക സമൂഹത്തിന് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ;

(ബി) ചെറുകിടകർഷകർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ ഭരണാനുമതി നല്കുകിയത് എപ്പോഴായിരുന്നു ;

(സി) സംസ്ഥാനത്ത് എത്ര കർഷകർ പദ്ധതിയിൻ കീഴിൽ വന്നിട്ടുണ്ട് ; പ്രീമിയം തുകയുടെ എത്ര ശതമാനം സർക്കാർ അടച്ചു ;

(ഡി) 2014-15 ബഡ്ജറ്റിൽ ഇതിന് മാത്രമായി വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; അതിൽ പ്രീമിയം ഇനത്തിൽ ഇതിനകം ചെലവായ തുക എത്ര ; എത്ര കർഷകർക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഫലം ലഭിക്കുകയുണ്ടായി ?

## അഗ്രി കാർഡ്

1516. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വിതരണം ചെയ്യുമെന്ന് നടപ്പ് ബഡ്ജറ്റിൽ പറഞ്ഞിരുന്ന അഗ്രി കാർഡ് വഴി എന്തൊക്കെ സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; എത്ര കർഷകർക്കാണ് പ്രസ്തുത കാർഡ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിരുന്നത്; നാളിതുവരെയായി എത്ര കർഷകർക്ക് പ്രസ്തുത കാർഡ് വിതരണം ചെയ്തു എന്നു വ്യക്തമാക്കാമോ?

## അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ കാർഷിക തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതി

1517. ശ്രീ.സി.മോയിൻ കുട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ കാർഷിക തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കാർഷിക മേഖലയിലെ തൊഴിൽ ലഭ്യത, കൃഷിവകുപ്പ് മുഖേന ലഭ്യമാകുന്ന സഹായങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം തൊഴിൽ രഹിതരിലെത്തിക്കാനുള്ള പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുമോ?

## ഇടുക്കി ജില്ലയിൽ ഒഴിഞ്ഞ് കിടക്കുന്ന കൃഷി ഓഫീസർ തസ്തികകൾ

1518. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന എത്ര കൃഷി ഓഫീസുകൾ ഉണ്ട്; വിശദാംശം നൽകാമോ;

(ബി) കൃഷി ഓഫീസർമാർ ഇല്ലാത്തതിനാൽ പഞ്ചായത്ത് ജനകീയാസൂത്രണം, കൃഷി വകുപ്പ് എന്നിവ മുഖേന ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശം നൽകാമോ?

## ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിലെ കീടനാശിനി

1519. ശ്രീ.വി.റ്റി.ബൽറാം

,, ടി.എൻ. പ്രതാപൻ

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണെന്ന് വിശദമാക്കാമോ;

(ബി) സുരക്ഷിത പച്ചക്കറിക്കായി രൂപീകരിക്കുന്ന അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇവയ്ക്കുണ്ടാകുമോ;

(സി) വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി പരിശോധനാ ഫീസ് ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കീടനാശിനി ചേർത്ത പച്ചക്കറിയുടെ ഇറക്കുമതി തടയാൻ ഓരോ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ; വിശദമാക്കുമോ;

(ഇ) പച്ചക്കറിയിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ഏലത്തൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി

1520. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിൽ 'നിറവ്' പദ്ധതിയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ വകുപ്പുകളാണ് പദ്ധതികൾ ഉണ്ടാക്കി ഭരണാനുമതിക്കായി സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) നിറവ് പദ്ധതിയിലുൾപ്പെട്ട വകുപ്പുകളിലേതെങ്കിലും പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിക്കാതിരുന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) എങ്കിൽ പ്രസ്തുത വകുപ്പുകൾ എപ്പോൾ പ്രോജക്ട് തയ്യാറാക്കി അയയ്ക്കുമെന്ന് വ്യക്തമാക്കാമോ?

കയ്പാട് സമഗ്ര കൃഷി വികസനപദ്ധതി

1521. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പാട് സമഗ്ര കൃഷി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രോജക്ടിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കയ്പാട് കൃഷി വികസന ഏജൻസി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

കർഷക കടാശ്വാസ കമ്മീഷൻ

1522. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻറെ പരിഗണനയിൽ തീർപ്പ് കല്പിക്കാനായി നിലവിലുള്ള അപേക്ഷകൾ എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) 2011 മേയ് മാസം മുതൽ 2015 ഫെബ്രുവരി വരെ എന്ത് തുക കടാശ്വാസമായി അവാർഡ് പാസാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ കൊടുത്തുതീർത്ത തുക എത്രയെന്ന് വെളിപ്പെടുത്താമോ?

കർഷക ക്ഷേമ പെൻഷൻ

1523. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമ പെൻഷന്റെ പരിധിയിൽ സംസ്ഥാനത്ത് എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; 600 രൂപയാക്കി ഉയർത്തിയതിനുശേഷം എത്ര തുക പെൻഷനായി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;പെൻഷൻ കുടിശ്ശിക നിലവിലുണ്ടോ;വിശദാംശങ്ങൾ നൽകാമോ?

## കർഷകകടാശ്വാസ കമ്മീഷൻ

1524. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകകടാശ്വാസ കമ്മീഷൻ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിൽ കമ്മീഷന്റെ മുന്നിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പേർക്ക് കടാശ്വാസം നൽകി; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; ഇതിലൂടെ എത്ര രൂപയുടെ ആശ്വാസം കർഷകർക്ക് ലഭിച്ചു;

(ഡി) എത്ര പേരുടെ കടം എഴുതി തള്ളി; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; ഇതിലൂടെ എത്ര രൂപയുടെ ആശ്വാസം കർഷകർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

## കർഷകർക്ക് നഷ്ടപരിഹാരം

1525. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം, കാലവർഷം, വരൾച്ച എന്നിവ മൂലം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കാർഷിക നഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാനം കേന്ദ്രത്തിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷവും ആവശ്യപ്പെട്ട തുക എത്രയായിരുന്നു;ഓരോ വർഷവും എത്ര തുക കേന്ദ്രം അനുവദിച്ചു; ഏതെല്ലാം കാർഷിക മേഖലകളാണ് തുക അനുവദിച്ചത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നഷ്ടപരിഹാരത്തിന് കർഷകർ നൽകിയിട്ടുള്ള ആപേക്ഷകളിന്മേൽ എന്നുവരെയുള്ള അപേക്ഷകൾക്ക് തുക അനുവദിച്ചിട്ടുണ്ട്; എത്ര രൂപാ വിതരണം ചെയ്തിട്ടുണ്ട്;

(ഡി) ഏതെല്ലാം കാർഷിക വിളകൾക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; വിളകളുടെ പേരും നഷ്ടപരിഹാരതുകയും ജില്ലതിരിച്ച് വിശദമാക്കുമോ;

(ഇ) സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിരുന്നോ; എത്ര തുക വക കൊള്ളിച്ചു; അതിൽ എത്ര തുക വിതരണം ചെയ്തു; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

## കർഷകർക്ക് സൗജന്യ വൈദ്യുതി

1526. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കർഷകരാണ് സൗജന്യ വൈദ്യുതിക്ക് അർഹരായുള്ളവരെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ആനുകൂല്യം കർഷകർക്ക് ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് പ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡവും പ്രതിമാസ വൈദ്യുതിചാർജ്ജ് വൈദ്യുതി ബോർഡിന് നൽകുന്നതിനുള്ള സംവിധാനവും എന്താണെന്ന് വിശദമാക്കുമോ;

(ഡി) ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നിലവിൽ പ്രസ്തുത ഇനത്തിലുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കർഷകർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

1527. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നാണ് പ്രഖ്യാപിക്കപ്പെട്ടത്; എത്ര കർഷകർക്ക് പ്രസ്തുത പദ്ധതി പ്രകാരംഗുണം ലഭിച്ചുഎന്ന് വ്യക്തമാക്കുമോ:

(ബി) കർഷകർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ സംസ്ഥാനത്തെ എത്ര കർഷകർ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി കേന്ദ്രം എത്ര തുകയാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2014-15 വർഷം ഇതിനായി എത്ര തുക നീക്കി വച്ചു; അതിൽ എത്ര ചെലവഴിച്ചു; എത്ര പേർക്കാണ് ആനുകൂല്യം ലഭ്യമാക്കിയത്?

## കാർഷിക ഉൽപ്പാദനവർദ്ധന

1528. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളത്;

(ബി) ഇതിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; ചെലവിനനുസരിച്ച് ഉൽപ്പാദന മേഖലയിൽ വളർച്ച കൈവരിച്ചിട്ടുണ്ടോ; എങ്കിൽ വളർച്ചയുടെ തോത് വ്യക്തമാക്കാമോ?

<u>കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ചാർജ്ജ്</u>

1529. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ചാർജ്ജ് വർദ്ധന കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ കഴിയാത്തപക്ഷം കൂടിയ വൈദ്യുതി ചാർജ്ജ്കൃഷി വകുപ്പ് മുഖേന കർഷകർക്ക് തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ?

<u>കാർഷിക കടാശ്വാസ പദ്ധതി</u>

1530. **ശ്രീ.കെ.ശിവദാസൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം സർക്കാർ വിഹിതത്തിന് കാത്തിരിക്കാതെ കർഷകരുടെ ഈട് പ്രമാണം മടക്കി നൽകണമെന്ന നിർദ്ദേശം സഹകരണ സംഘങ്ങൾ പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>കാർഷിക പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

1531. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പദ്ധതികൾക്കായി ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതേവരെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ബി) വകയിരുത്തിയ തുകയുടെ വിനിയോഗത്തിൽ കുറവു വരാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾമാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ ആവിഷ്കരിച്ച പദ്ധതികൾ എങ്ങനെ പൂർത്തീകരിക്കുമെന്നു വ്യക്തമാക്കാമോ?

## കാർഷിക മേഖലയിൽ ചെലവഴിച്ച തുക

1532. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ കാർഷിക മേഖലയിൽ ചെലവഴിച്ച തുക എത്രയാണ് ;

(ബി) പ്രസ്തുത കാലയളവിൽ ലഭ്യമായ കേന്ദ്രസഹായം എത്രയാണ് ; ഏതെല്ലാം കാര്യങ്ങൾക്കാണ് തുക ലഭ്യമായത്; ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ നെൽക്കൃഷിയുടെ സമഗ്ര വികസനത്തിനായി 2013-14, 2014-15 വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നെൽക്കൃഷി മേഖലയിൽ ജൈവവള ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

## കാർഷിക സബ്സിഡി ഇനത്തിൽ നൽകേണ്ട തുക

1533. ശ്രീ.പി.തിലോത്തമൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ശശി
,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളം, കീടനാശിനി തുടങ്ങിയവയ്ക്ക് കാർഷിക സബ്സിഡി ഇനത്തിൽ തിരിച്ചുനൽകാമെന്ന വ്യവസ്ഥയിൽ കർഷകരിൽ നിന്നും ഈടാക്കിയ എത്ര തുക കർഷകർക്ക് കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ല്, തെങ്ങ്, വാഴ, റബ്ബർ തുടങ്ങിയ ഓരോ ഇനം കൃഷിയിലും എത്ര തുക വീതം ഇത്തരം സബ്സിഡിയായി കർഷകർക്ക് നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരം സബ്സിഡി ലഭിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

<u>കാർഷിക സഹകരണ സംഘങ്ങൾ</u>

1534. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ബ്ലോക്കുകളിൽ എത്ര കാർഷിക സഹകരണ സംഘങ്ങൾ നടപ്പ വർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഇത്തരം സംഘങ്ങൾക്ക് പലിശരഹിത വായ്പയായി നൽകുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) എത്ര കർഷകർക്ക് പലിശരഹിതവായ്പ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ?

<u>കാർഷികാവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി</u>

1535. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷനും വൈദ്യുതിയും നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) ഈ ഇനത്തിൽ വൈദ്യുതി കണക്ഷനും വൈദ്യുതിയും കർഷകർക്ക് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഈ ഇനത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കാർഷികാവശ്യത്തിന് വൈദ്യുതി നൽകുന്ന കേസുകളിൽ ഇപ്രകാരം ആനുകൂല്യം ലഭിക്കുന്നവരുടെ ഓരോ വർഷത്തെയും കൃഷി, ഉല്പന്നങ്ങൾ, ഭൂമിയുടെ വിസ്തൃതി, ഭൂമി

കൈമാറ്റം ചെയ്തിട്ടുണ്ടോ എന്നീ വിവരങ്ങൾ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഇനത്തിൽ ആനുകൂല്യം ലഭിക്കുന്നവർ കൃഷിചെയ്യാത്തവരും ഭൂമി കൈമാറ്റം ചെയ്തവരും ഉണ്ടോ എന്ന് പരിശോധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ</u>

1536. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭയിലുമായി എത്ര പേർക്ക് കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നും അതിൽ എത്ര കണക്ഷൻ നിലനിൽക്കുന്നുവെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചവരിൽ എത്ര പേർ നിലവിൽ കൃഷി ചെയ്യുന്നുവെന്നും ഇവരിൽ എത്ര പേർക്ക് നിലവിൽ നിശ്ചിത അളവ് കൃഷിഭൂമിയുണ്ടെന്നും പറയാമോ;

(സി) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ അനുവദിച്ച കേസുകളിൽ സർക്കാർ വൈദ്യുതി ബോർഡിന് നൽകേണ്ട തുക കുടിശ്ശികയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ചേർത്തലയിലെ ഉണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകിയ ഇനത്തിൽ സർക്കാർ കെ.എസ്.ഇ.ബി ക്ക് നൽകേണ്ട കുടിശ്ശിക എത്ര എന്ന് വ്യക്തമാക്കുമോ?

<u>കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നൂതന കർമ്മപദ്ധതികൾ</u>

1537. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വിളകളിൽ മുൻവർഷത്തെക്കാൾ വിസ്തൃതി, ഉൽപ്പാദനം എന്നിവയിൽ കുറവ് ഉണ്ടായെന്നും അത് എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഭക്ഷ്യവിളകളിൽ ഉണ്ടായ ഉല്പാദനക്കുറവിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;ഇവയുടെ വിസ്തൃതിയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും

വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നൂതന കർമ്മപദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>കാസർഗോഡ് നിരോധിച്ചിട്ടുള്ള കീടനാശിനികൾ</u>

1538. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളതെന്നും ഈ കീടനാശിനികൾ മറ്റുള്ള പേരുകളിൽ ജില്ലയിൽ വിതരണം നടത്തി വരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ കൃഷിഭവനുകൾ</u>

1539. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി ഓഫീസർമാരില്ലാത്ത എത്ര കൃഷിഭവനുകൾ ഉണ്ടെന്ന് വിശദമാക്കാമോ ;തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പ് കൃഷി ഓഫീസർമാരുടെ അഭാവം മൂലം ബുദ്ധിമുട്ടിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പ് കൃഷി ഓഫീസർമാർ ഇല്ലാത്തതുമൂലം ബുദ്ധിമുട്ടിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മേൽ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

<u>കുട്ടനാട് പാക്കേജ് നിർമ്മാണ പ്രവൃത്തികൾ</u>

1540. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് ഇനവും സാമ്പത്തിക വർഷവും തിരിച്ച് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ എന്നു ഇനം തിരിച്ച് കരാറുകാരുടെ പേര് വിവരം സഹിതം വ്യക്തമാക്കുമോ?

<u>കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി വികസന പദ്ധതികൾ</u>

1541. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, വേളം പഞ്ചായത്തുകളിലായി എത്ര കോടി രൂപയുടെ നെൽകൃഷി വികസന പദ്ധതികൾക്കാണ് കൃഷിവകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കൃഷി വകുപ്പ് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എത്ര ഹെക്ടർ സ്ഥലത്തുകൂടി നെൽകൃഷി വ്യാപിപ്പിക്കാൻ കഴിയുമെന്നും എത്ര ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ</u>

1542. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) കൃഷി ഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

<u>കൃഷിഭവനുകൾ മുഖാന്തിരം പഴം, പച്ചക്കറി വിപണനം</u>

1543. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കൃഷിഭവനുകൾ മുഖാന്തിരം പഴം, പച്ചക്കറി മുതലായവ സംഭരിച്ച് പൊതുവിപണിയിൽ വിപണനം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെ നിന്നൊക്കെയാണ് ഇവ സംഭരിച്ച് വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പ്രാദേശിക കർഷകർക്ക് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പ വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) പദ്ധതി പ്രകാരം വിപണനം ചെയ്യുന്ന പഴവും പച്ചക്കറികളും ജൈവ കാർഷിക വിളകളാണെന്ന് ഉറപ്പ വരുത്തുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

## കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ

1544. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) 2014-15-ൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് വിവിധ കൃഷിഭവനുകളിലൂടെ നടപ്പാക്കിയത് എന്നറിയിക്കാമോ;

(സി) സംസ്ഥാനമൊട്ടാകെ ഈ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെട്ട തുകയും ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ ഉല്പാദനമേഖല തഴയപ്പെട്ടത് ഗ്രാമീണ മേഖലയിൽ കൃഷിഭവനുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

1545. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ കോമ്പൻസേഷൻ പാക്കേജ് അനുവദിക്കുന്നതിനുവേണ്ടി ബഹു. ധനവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഡി) അഗ്രോ ബസാറുകൾക്ക് ആവശ്യമായ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാം;

(ഇ) 2015-16 സാമ്പത്തിക വർഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

## കേരള ബ്രാൻഡ് പദ്ധതി

1546. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എം.എ. വാഹീദ്

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷിക്ക് വേണ്ടി "കേരള ബ്രാൻഡ് പദ്ധതി" നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(സി) 'കേരള ബ്രാൻഡ് പദ്ധതി' നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

## കോട്ടയം ജില്ലയിൽ പുഞ്ചകൃഷിക്ക് സബ്സിഡി

1547. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പുഞ്ചകൃഷിക്ക് പമ്പിംഗ് നടത്തിയ വകയിൽ കൊടുത്തു തീർക്കുവാനുള്ള സബ്സിഡിക്കുള്ള അപേക്ഷകൾ എത്രയെണ്ണം 2014-15 സാമ്പത്തിക വർഷം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചു ; എത്രയെണ്ണം തീർപ്പു കൽപ്പിക്കാതെ മാറ്റിവെച്ചിരിക്കുന്നു ; ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) വിളവ് എടുത്തില്ലായെങ്കിൽ പമ്പിംഗ് സബ്സിഡി ലഭിക്കില്ല എന്ന മാനദണ്ഡം നിലവിലുണ്ടോ ; ഇക്കാര്യം പമ്പിംഗ് നടത്തിയ കർഷകരെ ഏറെ ദുരിതത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ചെറുകിട നാമമാത്ര കർഷകർക്കായുള്ള ഇൻകം ഗ്യാരണ്ടി സ്കീം

1548. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, എളമരം കരീം

,, എം. ഹംസ

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്കായുള്ള ഇൻകം ഗ്യാരണ്ടി സ്കീം പ്രഖ്യാപിച്ചത് എപ്പോഴായിരുന്നു; അത് നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവും തീയതിയും വ്യക്തമാക്കാമോ;

(ബി) ദേശസാൽക്കൃത ഇൻഷൂറൻസ് കമ്പനികൾ വഴി എത്ര വിളകൾ ഇൻഷ്വർ ചെയ്യുകയുണ്ടായി; പ്രീമിയം ഇനത്തിലാവശ്യമായ തുക എത്രയായിരുന്നു; അടച്ച പ്രീമിയം തുക എത്ര; ബജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു;വിശദാംശങ്ങൾ നൽകുമോ;

(സി) ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ പ്രീമിയം തുക എത്ര; എത്ര ഉപഭോക്താക്കൾ ഇൻഷൂറൻസ് സ്കീമിൽ വരുകയുണ്ടായി;

(ഡി) എത്ര ഉപഭോക്താക്കൾക്ക് ഇൻഷൂറൻസിന്റെ ഗുണഫലം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക്

1549. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് പ്രവർത്തനമാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(സി) വകുപ്പിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഡി) ഈ വർഷം തന്നെ നാളികേര ബയോപാർക്ക് പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ജൈവമണ്ഡല പദ്ധതി</u>

1550. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവമണ്ഡല പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ജൈവ പച്ചക്കറി കൃഷി</u>

1551. ശ്രീ.എം.എ. വാഹീദ്

,, ഷാഫി പറമ്പിൽ

,, കെ.ശിവദാസൻ നായർ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) കീടനാശിനി കലർന്ന പഴങ്ങളും പച്ചക്കറികളും അന്യ സംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കാമോ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇപ്പോൾ നിലവിലുള്ളത്;

(സി) ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) ഇറക്കുമതി ചെയ്യുന്ന ഏതൊക്കെ സാധനങ്ങളിലാണ് മാരകമായ കീടനാശിനികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ജൈവ പച്ചക്കറികൃഷി വികസനം</u>

1552. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറികൃഷി വികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഫലമായി കഴിഞ്ഞ വർഷം എത്ര ടൺ ജൈവ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചുവെന്നുള്ളതിനുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറിക്ക് മതിയായ വില ലഭിക്കുന്നതിന് എന്തെങ്കിലും സൗകര്യങ്ങൾ ചെയ്തു നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ജൈവകൃഷി</u>

1553. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ ജൈവകൃഷിയ്ക്കായി കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജൈവകൃഷി സംബന്ധിച്ച പുരോഗതി അവലോകനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ജൈവകൃഷി കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ജൈവകൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) വകുപ്പ് മന്ത്രിയുടെ സർക്കുലർ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എം.എൽ.എ മാരെ കണ്ട് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(എഫ്) ജൈവകൃഷി വിള നാശത്തിനു നഷ്ടപരിഹാരം നൽകാറുണ്ടോ; വിശദാംശം നൽകുമോ?

<u>ജൈവകൃഷി സംസ്ഥാന പ്രഖ്യാപനം</u>

1554. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്തെ ജൈവകൃഷി സംസ്ഥാനമാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും അനുവദിക്കപ്പെട്ട തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിച്ചുവെന്നു വിശദമാക്കാമോ ?

<u>ജൈവകൃഷി പദ്ധതി</u>

1555. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പദ്ധതിക്കായി കണ്ണൂർ ജില്ലയ്ക്ക് 2014-15 വർഷത്തിൽ എത്ര തുക അനുവദിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്;

(സി) ജില്ലയിലെ ഓരോ കൃഷിഭവനും നൽകിയ ഭൗതികലക്ഷ്യവും സാമ്പത്തികലക്ഷ്യവും വ്യക്തമാക്കുമോ;

(ഡി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ കൃഷിഭവനുകളുടെ കീഴfൽ എത്ര ഹെക്ടർ പ്രദേശത്തു വീതമാണ് ജൈവകൃഷി പദ്ധതി നടപ്പിലാക്കിയത്;

(ഇ) ഓരോ കൃഷിഭവനും അനുവദിച്ച തുക എത്ര വീതമാണ്;

(എഫ്) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ഓരോ കൃഷിഭവനുകീഴിലും ജൈവകൃഷി പദ്ധതിയുമായി ബന്ധപ്പെട്ടു നടന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

<u>ജൈവകൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ് പദ്ധതി</u>

1556. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രാദേശികയിനം പുതിയ ഉൽപന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം

നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ; പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സഹായം ലഭ്യമാണോ;വിശദാംശം നൽകുമോ?

## തദ്ദേശീയമായ റബ്ബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ.

1557. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ കർഷകരെ സഹായിക്കുന്നതിന് കേന്ദ്ര വിലസ്ഥിരതാ ഫണ്ടിൽ നിന്നും സഹായമനുവദിയ്ക്കുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനും തദ്ദേശീയമായ റബ്ബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്രനയത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾപ്പാടശേഖരങ്ങൾ

1558. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾപ്പാടശേഖരങ്ങൾക്കായി എത്ര കോടി രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ;

(ബി) നാളിതുവരെ ഏതെല്ലാം പ്രോജക്ടുകൾക്കായി എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും അറിയിക്കാമോ;

(ഡി) കോൾ പാക്കേജ് എന്നേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

## നിറവ് കാർഷിക പദ്ധതി

1559. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് കാർഷിക പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതി രേഖകളും വ്യക്തമാക്കാമോ?

## നീര ഉത്പാദനം

1560. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉത്പാദിപ്പിക്കുന്നതിനായി എത്ര കമ്പനികളാണ് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നത്;

(ബി) ഈ കമ്പനികളിലെല്ലാം കൂടി ആകെ എത്ര ലിറ്റർ നീരയാണ് ദിവസേന ഉത്പാദിപ്പിക്കുന്നത്;

(സി) ഉത്പാദിപ്പിക്കുന്ന നീര സംസ്ഥാനത്ത് തന്നെ വിറ്റഴിയുന്നുണ്ടോ;

(ഡി) ആകെ എത്ര തെങ്ങിൽ നിന്നുമാണ് ഇപ്പോൾ നീര ഉദ്പാദിപ്പിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഇ) നീരക്കുപുറമെ മറ്റെന്തെങ്കിലും ഉത്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ടോ; ഏതൊക്കെയെന്നു വ്യക്തമാക്കുമോ?

## നീര ഉല്പ്പാദന ലൈസൻസ്

1561. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉത്പാദിപ്പിക്കാനുള്ള ലൈസൻസ് നൽകിയിട്ടുള്ള നാളികേര ഉത്പാദക ഫെഡറേഷനുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും ഫെഡറേഷനുകളുടെ ലൈസൻസ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) കേരകർഷകർക്ക് ഗുണകരമാകുന്നതിനുവേണ്ടി കൃഷിവകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്നു സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## നീര ഉൽപ്പാദനം

1562. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നീരയുടെ ഉൽപ്പാദനവും വിപണനവും വിപുലപെടുത്തുന്നതിനും നീരയിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന വ്യക്തമാക്കുമോ?

## നീര ഉൽപാദനവും വിതരണവും

1563. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപാദനത്തിലും വിതരണത്തിലും കാലതാമസം നേരിടുന്നത് കേര കർഷകരെ ആശങ്കയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നീര ഉൽപാദനവും വിതരണവും കാര്യക്ഷമമാവാത്തത് കൃഷിവകുപ്പും നാളികേര ബോർഡും തമ്മിലുള്ള തർക്കം മൂലമാണെന്നുള്ള അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് നീര ഉൽപാദനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## നീരയുടെ വിപണനം

1564. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ വിപണനം വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കേരകർഷകർക്ക് നീര വിൽപനയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ;

(സി) നീര ഉൽപാദനത്തിനായി രൂപീകരിച്ച സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള

പേരു വിവരങ്ങൾ നൽകാമോ?

<u>നീരയുടെ വിപണി വിപുലനം</u>

1565. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീരയുടെ വിപണി വിപുലമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ നീര വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന് ഉടൻ നടപടി സ്വീകരിക്കുമോ;

(സി) കേരകർഷകരിൽ നിന്നും നീരയുടെ സംഭരണത്തിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ?

<u>നെൽകർഷകർക്കുള്ള ധനസഹായം</u>

1566. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നെൽ കർഷകർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ധനസഹായം വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>നെൽകർഷകരുടെ സബ് സിഡി പിൻവലിച്ചത്</u>

1567. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരുടെ സബ് സിഡി തുക നല്കാനുള്ള തീരുമാനം പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സബ് സിഡി പിൻവലിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നെല്ലിന്റെ ഉണനിലവാര മാനദണ്ഡം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നെല്ലുസംഭരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## നെൽകർഷർക്ക് ആനുകൂല്യങ്ങൾ

1568. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷം സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന് മുൻകൂർ പണം നൽകുമെന്ന വാഗ്ദാനം സർക്കാർ നലകിയിരുന്നുവോ; വിശദംശങ്ങൾ അറിയിക്കാമോ;

(സി) നെൽകർഷർക്ക് നൽകിയിട്ടുള്ള ഈ വാഗ്ദാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംഭരിച്ച നെല്ലിന് കുടിശ്ശിക ഇനത്തിൽ എന്ത് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

## നെൽകൃഷി വ്യാപകമാക്കുന്നതിന് നടപടി

1569. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപകമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നെൽകർഷകർക്ക് വകുപ്പ് നൽകുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## പത്തിയൂർ കൃഷി ആഫീസ്

1570. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തിയൂർ കൃഷി ആഫീസിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ അഞ്ച് കൃഷി ഓഫീസർമാരാണ് മാറി വന്നത് എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്തിയൂർ കൃഷി ആഫീസിൽ നിലവിൽ കൃഷി ആഫീസർ ഇല്ലാത്തതിനാൽ

അടിയന്തരമായി കൃഷി ആഫീസറെ നിയമിക്കുന്നതിനും സ്ഥിരമായി കൃഷി ആഫീസറുടെ സേവനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരമ്പരാഗത വിത്ത് സംരക്ഷണം

1571. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനും ഇവ ഉപയോഗിച്ചുള്ള കൃഷി വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ?

പഴങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനികളുടെ അളവ്

1572. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ അളവ് ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴങ്ങളും പച്ചക്കറികളും പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഇവയിൽ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ലാബുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇത്തരം ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഫാമുകളിൽ ജൈവകൃഷി

1573. ശ്രീ.സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി , മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഫാമുകളിൽ ജൈവ വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ബാലുശ്ശേരിയിൽ ബയോ കൺട്രോൾ ലാബ്

1574. **ശ്രീ.**പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതിക വിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; ഇതിന്റെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിഗണിയ്ക്കുമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി

1575. **ശ്രീ.**ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന നിറവ് പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോ നിയോജക മണ്ഡലത്തെയും ഏതു സാമ്പത്തിക വർഷമാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്:

(സി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി കമ്മിറ്റി എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഡയറക്ടർക്ക് പദ്ധതികൾ സമർപ്പിച്ചതെന്നാണ്;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായോ;

(ഇ) എത്ര തുകയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്;പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും എത്ര തുകയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്;

(എഫ്) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

1576. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടുപ്പാവിലും, വീട്ടുവളപ്പിലെ സ്ഥലപരിമിതികളിൽ കഴിയാവുന്ന വിധവും കൃഷിചെയ്ത് പച്ചക്കറിയും കാർഷികോത്പന്നങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്കു എന്തെല്ലാം അനുകൂല്യങ്ങളാണ് നൽകുന്നതെന്നു പറയാമോ;

(ബി) മേൽപറഞ്ഞവിധം കൃഷി ചെയ്യുന്നവർക്ക് കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകാനും ഇവരുടെ കൃഷി വിലയിരുത്തുവാനും നടപടി സ്വീകരിക്കുമോ?

മിഷൻ **676 -** കൃഷി വകുപ്പ്

1577. **ശ്രീ.കെ.അച്ചുതൻ**

**,,** ഹൈബി ഈഡൻ

**,,** കെ.മുരളീധരൻ

**,,** പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 മുഖേന എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മിഷൻ 676 ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോൽസാഹനത്തിനും, കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും, പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

രാസവള ദൗർലഭ്യം

1578. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങൾക്ക് ദൗർലഭ്യം നേരിടുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നത്;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന രാസവളങ്ങൾ ഏതെല്ലാമാണ്;

(സി) ഖാരീഫ്, റാബി സീസണുകളിലേക്ക് ആവശ്യമായ രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് എപ്രകാരമാണ്;

(ഡി) എഫ്.എ.സി.ടി. യിൽ യൂറിയയുടെ ഉല്പാദനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ മുൻകൈ എടുത്ത് നടത്തുമോ?

<u>റബ്ബർ പർച്ചേസ് ടാക്സ്</u>

1579. ശ്രീ.ജെയിംസ് മാത്യു
,, കെ.സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം വൻപരാജയമായിരുന്നു എന്ന ആക്ഷേപം സംബന്ധിച്ച അഭിപ്രായം വ്യക്തമാക്കാമോ;

(ബി) റബ്ബറിന്റെ പർച്ചേസ് ടാക്സ് ഒഴിവാക്കിയതിന്റെ പ്രയോജനം ലഭിച്ചത് വൻകിട ടയർ കമ്പനികൾക്കും വ്യവസായികൾക്കുമാണ് എന്ന ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ;

(സി) വ്യാപാരികൾ വാങ്ങിവച്ചിരുന്ന റബ്ബറും അവരുടെ ഫാക്ടറികളിൽ ഉൽപാദിപ്പിച്ച ക്രംബ് റബ്ബറും വിറ്റഴിച്ച് ലാഭം കൊയ്യാൻ വേണ്ടിയായിരുന്നു പർച്ചേസ് ടാക്സ് ഒഴിവാക്കിയതെന്ന ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ;

(ഡി) പർച്ചേസ് ടാക്സ് ഒഴിവാക്കിയതുകൊണ്ട് റബ്ബർ കർഷകന് മെച്ചപ്പെട്ട വില ലഭിച്ചോ എന്ന് വ്യക്തമാക്കാമോ?

## റബ്ബർ സംഭരണം

1580. ശ്രീ.എം.എ.ബേബി

,, കെ.കെ.ജയചന്ദ്രൻ

,, എം. ഹംസ

,, ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം റബ്ബർ സംഭരണത്തിനായി ചെലവഴിച്ച ഫണ്ട് വിശദമാക്കാമോ;

(ബി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിന് ഫണ്ട് അനുവദിച്ചതെന്ന് അറിയിക്കുമോ;

(സി) ഓരോ ഏജൻസിയും ചെലവഴിച്ച തുകയും മിച്ചമുള്ള തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) റബ്ബർ സംഭരണം കൊണ്ട് റബ്ബർ വില ഉയർത്താനും കർഷകന് മെച്ചപ്പെട്ട വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1581. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാർ ആഭിമുഖ്യത്തിൽ റബ്ബർ സംഭരിക്കാൻ തീരുമാനിച്ചതു വഴി എത്രമാത്രം സംഭരിക്കാനായി എന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

## റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ

1582. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് മൂലം റബ്ബർ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിലത്തകർച്ച നിയന്ത്രിക്കാൻ

സർക്കാർ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) റബ്ബറിന് താങ്ങുവില നൽകി എത്ര ടൺ റബ്ബറാണ് സർക്കാർ സംഭരിച്ചത്; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്;

(സി) ഓരോ ഏജൻസിയും സംഭരണ തീയതി മുതൽ ഇന്നുവരെ എത്ര റബ്ബറാണ് സംഭരിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; എത്ര രൂപയാണ് ഒരു കിലോയ്ക്ക് താങ്ങുവിലയായി ഈ ഏജൻസികൾക്ക് നൽകിയിട്ടുള്ളത്;

(ഡി) റബ്ബർ സംഭരണം ഇടയ്ക്കുവച്ച് നിർത്തിയിരുന്നോ; നിർത്താനുണ്ടായ സാഹചര്യം എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; ഇത് എന്നാണ് വീണ്ടും പുനരാരംഭിച്ചത്; പുനരാരംഭിച്ചില്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി അവരുടെ എല്ലാത്തരം ബാങ്ക് വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## റബ്ബർ പ്രതിസന്ധി

1583. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിൻറെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## റബ്ബർ സംഭരണം

1584. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ റബ്ബർ സംഭരണം നടത്തുന്നുണ്ടോ;

(ബി) എന്തു വിലയ്ക്കാണ് ഇപ്പോൾ റബ്ബർ സംഭരിക്കുന്നതെന്നും ഇതിനകം എത്ര ടൺ സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സംഭരണംകൊണ്ട് കർഷകർക്ക് ന്യായവില കിട്ടുന്നുണ്ടോ;ഇല്ലെങ്കിൽ ന്യായവില ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ ?

## റബ്ബർ സംഭരണം

T 1585. ശ്രീ.ഇ.പി.ജയരാജൻ

,, കെ.സുരേഷ് കുറുപ്പ്

,, ജെയിംസ് മാത്യു

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാങ്ങൽ നികുതിയും ഇറക്കുമതിച്ചുങ്കവും ക്രമീകരിക്കുന്നത് സംബന്ധിച്ച വൻകിട ടയർ കമ്പനികളുടെ പ്രതിനിധികളുമായി ഉണ്ടാക്കിയ ധാരണ എന്തായിരുന്നുവെന്ന് വിശദമാക്കാമോ; 18-12-2014-ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ ധാരണയെ തുടർന്ന് റബ്ബർ ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനകം സംസ്ഥാനത്തു നിന്ന് റബ്ബർ സംഭരിച്ചതും വിപണനം നടത്തിയതും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; മൊത്തം ഉൽപാദനത്തിന്റെ എത്ര ശതമാനമാണിത്;

(സി) റബ്ബർ വ്യവസായ പ്രമുഖരുമായി ഉണ്ടാക്കിയ ധാരണയുടെ ഫലമായി, റബ്ബർ കൃഷിക്കാർക്കും റബ്ബർ വ്യവസായികൾക്കും ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ; സർക്കാരിനു നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് എത്ര കോടിയാണെന്നുവെക്തമാക്കാമോ;

(ഡി) ഇതിലൂടെ റബ്ബറിന്റെ വിലയിടിവ് തടയാൻ സാദ്ധ്യമായിട്ടുണ്ടോ; എത്ര ശതമാനം വിലവർദ്ധനയായിരുന്നു ലക്ഷ്യമെന്ന് വ്യക്തമാക്കുമോ?

(ഇ) ഈ തീരുമാനത്തിനുശേഷം ഇന്ത്യാ ഗവൺമെന്റ് ഇറക്കുമതി ചെയ്ത റബ്ബർ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

## റബ്ബറിന്റെ വിലയിടിവ്

1586. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

## വിത്തു തേങ്ങ നഴ്സറി

1587. **ശ്രീ.ഇ.കെ.വിജയന് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ വിത്തുതേങ്ങ നഴ്സറി ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## വിദ്യാർത്ഥി പങ്കാളിത്ത പച്ചക്കറി കൃഷി പദ്ധതി

1588. **ശ്രീ.ഇ.പി.ജയരാജന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന പച്ചക്കറി കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത്;

(ബി) ഓരോ വിദ്യാലയങ്ങൾക്കും പദ്ധതി പ്രകാരം നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

## വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും

1589. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽപ്പന നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും പഴം, പച്ചക്കറി വാങ്ങി വിതരണം ചെയ്യുന്ന മൊത്തവ്യാപാരികൾക്ക് വിൽപ്പനയ്ക്കായി ശേഖരിക്കുന്നിടങ്ങളിൽ തന്നെ ഗുണനിലവാരം പരിശോധിക്കുവാൻ കർശന നിർദ്ദേശം നൽകുകയും സാഹചര്യവും ഒരുക്കിക്കൊടുക്കുകയുംചെയ്യുമോ ;

(സി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് ശക്തമായ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

## സമഗ്ര ജൈവ കീടനാശിനി നയം

1590. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ വിഷങ്ങളും, കീടനാശിനികളും അടങ്ങിയ പച്ചക്കറികൾ/പഴങ്ങൾ എന്നിവ മാർക്കറ്റിൽ വില്പനയ്ക്ക് എത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറികളിലും, പഴങ്ങളിലും ഉളള കീടനാശിനികളുടെ അളവ് കണ്ടെത്തുന്നതിനുളള പരിശോധനാഫലം ലഭ്യമാക്കുന്നതിന് ഇപ്പോഴുളള കാലതാമസം പരിഗണിച്ച് 'പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംങ് ലബോറട്ടറി' നവീകരിക്കുകയും, ഇവ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും lസ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) സമഗ്ര ജൈവ കീടനാശിനി നയം രൂപീകരിക്കുന്നതിനും, ജൈവകീടനാശിനികൾ ചെലവ് കുറച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

## ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട മൂക്കന്നൂർ പഞ്ചായത്തിൽ നിന്നുളള അപേക്ഷകൾ

1591. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പ് വഴി നടപ്പിലാക്കുന്ന ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽ നിന്നുളള 3 കോടി രൂപയുടെ പദ്ധതികളിൽ വിവിധ കൃഷികൾക്കായും മറ്റ് പദ്ധതികൾക്കായും എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിരുന്നു;

(ബി) ഇതിൽ ഏതിനെല്ലാമാണ് തുക അനുവദിച്ചിട്ടുള്ളത്;

(സി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റ് പദ്ധതികൾക്കായി തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

## മണ്ണ് സംരക്ഷണ പദ്ധതി

1592. ശ്രീ.പി.സി. ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുമ്പോൾ ഈ രംഗത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അടിഞ്ഞുകൂടിയിരിക്കുന്ന ലോഹാവശിഷ്ടങ്ങളും പ്ലാസ്റ്റിക്കും രാസവസ്തുക്കളും മണ്ണിന്റെ സ്വാഭാവികതയെ മലിനപ്പെടുത്തുമ്പോൾ ഏതു രീതിയിലുള്ള പ്രവർത്തനത്തിലൂടെയാണ് മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുക;

(സി) ഇതിനായി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ഡി) സമ്പൂർണ്ണ ജൈവകൃഷി എന്ന ലക്ഷ്യം മുൻനിർത്തി മണ്ണ് സംരക്ഷണമേഖല നേരിടുന്ന പ്രതിസന്ധികളെ എപ്രകാരം തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## മണ്ണ് സംരക്ഷണ പദ്ധതികൾ

1593. ശ്രീ.എം.പി.വിൻസെന്റ്

,, സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ് സംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മപദ്ധതികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ബി) മണ്ണിലെ പോഷക ഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം സംസ്ഥാന-കേന്ദ്ര പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്;

(ഡി) ഇവ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് എന്ന്

വ്യക്തമാക്കുമോ?

<u>മണ്ണിന്റെ ഭലഭൂയിഷ്ഠത</u>

1594. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ഭലഭൂയിഷ്ഠത വീണ്ടെടുക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>മിസ്ക്</u>

1595. ശ്രീ.കെ.എം.ഷാജി

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ലവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്ക്) പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ ഇതു സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ ഉപദേശവും സഹായവും നൽകാൻ തക്കവിധം കൃഷിഭവനുകളിലെ ഉദ്യോഗസ്ഥരെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ശങ്കരൻ കുഴിതോടിന്റെ **84** ലക്ഷം രൂപയുടെ പ്രൊപ്പോസൽ</u>

1596. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കന്നൂർ പഞ്ചായത്തിലെ ശങ്കരൻ കുഴിതോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിരുന്ന 84 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേയ്ക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## താറാവുകളെ കൊന്നൊടുക്കിയ വകയിൽ ധനസഹായം

1597. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻതോതിൽ താറാവുകളെ കൊന്നൊടുക്കുവാനുണ്ടായ സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ കർഷകർക്ക് എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചു നൽകിയത്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഇത്തരം സ്ഥിതിവിശേഷം തുടർന്നും സംഭവിയ്ക്കാതിരിക്കുവാൻ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## വെറ്റിനറി കൗൺസിലിലെ നിയമനങ്ങൾ

1598. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വെറ്റിനറി കൗൺസിലിലെ എൽ.ഡി.ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ, പ്യൂൺ, പാർട്ട്-ടൈം-സ്വീപ്പർ തസ്തികകളിലേക്കുള്ള നിയമനം മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ നിയമനമാണെന്ന 28.08.1997-ലെ സ.ഉ. (എം.എസ്) നം. 2497/97/എഡി ഉത്തരവിലെ നിബന്ധന മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ ഉത്തരവിനു വിരുദ്ധമായി വെറ്റിനറി കൗൺസിലിലെ തസ്തികകളിൽ സർവ്വീസിൽ നിന്നും വിരമിച്ചവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ചട്ട വിരുദ്ധ നിയമനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഏറനാട് അരീക്കോട് മൃഗാശുപത്രിക്ക് കെട്ടിടം

1599. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ അരീക്കോട് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന മൃഗാശുപത്രിക്ക് പഞ്ചായത്ത് വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് പഞ്ചായത്ത് അപേക്ഷ നൽകിയിരുന്നോ ;

വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ, മൃഗാശുപത്രി കെട്ടിട നിർമ്മാണത്തിന് ഫണ്ടനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഗോരക്ഷാ പദ്ധതി</u>

1600. ശ്രീ.വർക്കല കഹാർ

,, ഐ.സി.ബാലകൃഷ്ണൻ

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയിൽ ക്ഷീരകർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോയെന്നറിയിക്കുമോ?

<u>ചാലക്കുടി വെറ്റിനറി ആശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി</u>

1601. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വെറ്റിനറി ആശുപത്രിക്ക് ആവശ്യമായ ഡോക്ടർമാരെയുംസ്റ്റാഫുകളെയും നിയമിക്കുകയും അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്ത് പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

<u>പക്ഷിപ്പനി ബാധിച്ച് ചത്ത താറാവുകൾക്ക് നഷ്ടപരിഹാരം</u>

1602. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ മരണപ്പെട്ടെന്നും മാസ് കള്ളിംഗ് നടത്തി എത്ര താറാവുകളെയും വളർത്തു പക്ഷികളെയും കൊന്നൊടുക്കിയെന്നും മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരമായി നൽകി; മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) മാസ് കള്ളിംഗ് നടത്തുന്നതിന് മുമ്പ് പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്ക് നഷ്ടപരിഹാരം ലഭിച്ചില്ല എന്ന പരാതി കർഷകരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>മുയൽ കൃഷി</u>

1603. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുയലുകളെ കൊല്ലുന്നത് വിലക്കി ഉത്തരവ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിയമം പ്രാബല്യത്തിൽ വന്നതോടെ മുയൽ കൃഷി നടത്തി വന്ന കർഷകരുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

<u>വീട്ടുവളപ്പിൽ കോഴി വളർത്തൽ</u>

1604. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളായ വീട്ടമ്മമാർക്ക് വീട്ടുവളപ്പിൽ കോഴി വളർത്തുന്നതിന് സഹായം നൽകുന്നതിനായി കെപ്കോ മുഖേന നടപ്പിലാക്കുന്ന ആശ്രയ പദ്ധതി പ്രകാരം ഗുണഭോക്താവിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പദ്ധതി പ്രകാരം പ്രസ്തുത പഞ്ചായത്തുകളിലെ എത്ര വിധവകളായ വീട്ടമ്മമാർക്കാണ് പ്രയോജനം ലഭിക്കുന്നത്;

(ഡി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

## സ്റ്റേഷനറി ഉല്പന്നങ്ങൾ

1605. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആഫീസുകൾക്കാവശ്യമായി വരുന്ന സ്റ്റേഷനറി ഉല്പന്നങ്ങൾ വാങ്ങുന്നതിനു ശരാശരി ഒരു വർഷം എത്ര കോടി രൂപ ചെലവ് വരുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഇവ വാങ്ങുന്നതിന് ഇപ്പോൾ അനുവർത്തിക്കുന്ന നടപടികൾ സുതാര്യവും കുറ്റമറ്റതുമാണെന്ന് ഉറപ്പുണ്ടോ;

(സി) ക്വാളിറ്റി, അളവ്, കുറഞ്ഞ നിരക്ക് ഇവ ഉറപ്പാക്കുന്നതിനും സ്റ്റേഷനറി സാധനങ്ങൾ ആവശ്യത്തിലധികം വാങ്ങി ദുർവിനിയോഗം നടത്തുന്നത് തടയാനും നിലവിൽ ഏന്തെങ്കിലും സംവിധാനം ഉണ്ടോ; ഇവ ഫലപ്രദമാണോ;

(ഡി) സ്റ്റേഷനറി അധികൃതരിൽ ചിലരും സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളും തമ്മിലുള്ള നിയമവിധേയമല്ലാത്ത ഇടപാടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ; ഈക്കാര്യത്തിന് വിദഗ്ധമായ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ രംഗത്ത് കൃത്രിമം കാണിച്ച ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ടോ?

## എം.എൽ.എ. മാർക്കുള്ള ഡയറി, കലണ്ടർ, ഡയ് ലി റിമംബറൻസ് എന്നിവയുടെ വിതരണം

1606. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ് മുഖേന എം.എൽ.എ. മാർക്ക് ഡയറി, കലണ്ടർ, ഡയ് ലി റിമംബറൻസ് എന്നിവ വർഷങ്ങളിൽ എത്രയെണ്ണമാണ് വിതരണം ചെയ്യുന്നത് ;

(ബി) ഇവ ലഭ്യമാക്കുന്നതിന്റെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ ?

<u>ടോണറുകളും കേട്രിഡ്ജുകളും സപ്ലൈ ചെയ്യുന്ന ഏജൻസികൾ</u>

1607. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും ആഫീസുകളിലും ഔദ്യോഗിക വസതികളിലും കമ്പ്യൂട്ടറുകൾക്കും ഫോട്ടോസ്റ്റാറ്റ് മെഷീനുകൾക്കും ആവശ്യമായ ടോണറുകളും കാട്രിഡ്ജുകളും സപ്ലൈ ചെയ്യുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഏജൻസികൾ ഈ ഇനങ്ങൾക്ക് ഈടാക്കുന്ന നിരക്കുകൾ വിശദമാക്കാമോ;

(സി) സപ്ലൈ ചെയ്യുന്ന ടോണറുകളുടേയും കാട്രിഡ്ജുകളുടെയും ക്വാളിറ്റിയും അളവും ഉറപ്പാക്കുന്നത് ഏത് തലത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഇവ സപ്ലൈ ചെയ്യുന്ന കമ്പനികളും ഏജൻസികളും ബന്ധപ്പെട്ട വകുപ്പുകളിലെ ചില ഉദ്യോഗസ്ഥന്മാരും ചേർന്ന് നടത്തി വരുന്നതായി പറയപ്പെടുന്ന തട്ടിപ്പ് സംബന്ധിച്ച് എപ്പോഴെങ്കിലും വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) ഇവയ്ക്ക് ക്വാളിറ്റിയും നിശ്ചിത അളവും കുറഞ്ഞ നിരക്കും ഉറപ്പ് വരുത്തുന്നതിന് ഉചിതമായ നടപടി സ്വീകരിയ്ക്കുമോ?

<u>അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

1608. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ പഞ്ചായത്ത് വകുപ്പ് വഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;എന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

<u>ആശ്രിതനിയമനം</u>

1609. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പർ ആയി ജോലി ചെയ്തിരുന്ന രാജീവൻ. സി.എച്ച്.-ന്റെ മരണശേഷം ഭാര്യ പത്മജയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഇ. പി. എ.3/72922/13 ഫയൽ തീർപ്പ് കൽപ്പിച്ച് നിയമനം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പത്മജയ്ക്ക് ആശ്രിതനിയമനം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

## ജാഗ്രതാ സമിതികൾ

1610. **ശ്രീ.പി.എ.മാധവൻ**

**,, വി.റ്റി.ബൽറാം**

**,, ഹൈബി ഈഡൻ**

**,, എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ബാല പീഡനം ഒഴിവാക്കുന്നതിന് സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) പഠന റിപ്പോർട്ട് നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

## തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾവഴി നൽകിവരുന്ന വിവിധ സേവനങ്ങളുടെ ഫീസ് വർദ്ധന

1611. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾവഴി നൽകിവരുന്ന വിവിധ സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവ ഓരോന്നിന്റെയും ഇത്തരത്തിലുള്ള വർദ്ധനവിന് മുമ്പുള്ള നിരക്കിന്റെ

വിശദാംശങ്ങളും നൽകാമോ ?

<u>വറ്റല്ലൂർ താഴെകുളമ്പ കുടിവെള്ള പദ്ധതി</u>

1612. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽൽ മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന കുറുവ പഞ്ചായത്തിലെ വറ്റല്ലൂർ താഴെകുളമ്പ കുടിവെള്ള പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ ;

(ബി) എങ്കിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപയാണ് ഇതിനായി നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ടോ; എങ്കിൽ കൺവീനർ വർക്കായിട്ടാണോ ടെൻഡർ വർക്കായിട്ടാണോ എഗ്രിമെന്റ് വെച്ചിട്ടുള്ളത് എന്നും എഗ്രിമെന്റ് വെച്ച വ്യക്തിയുടെ പേരും വിലാസവും വിശദമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ ജലസ്രോതസ്സ് എവിടെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന്, വ്യക്തമാക്കാമോ;

(എഫ്) ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>സർക്കാർ എഴുതിത്തള്ളിയ ഭവനശ്രീ വായ്പകൾ</u>

1613. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകളാണ് സർക്കാർ എഴുതി ത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പകൾ എഴുതിത്തള്ളിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഏതൊക്കെ ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഭവനശ്രീ വായ്പകളാണ് ഇനിയും എഴുതിത്തള്ളാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭവനശ്രീ വായ്പ എഴുതിത്തള്ളിയിട്ടും ബാങ്കുകൾ വായ്പക്കാരുടെ പ്രമാണങ്ങൾ തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## 50 വയസ്സുകഴിഞ്ഞ പഞ്ചായത്ത് ജീവനക്കാർക്ക് സ്ഥാനക്കയറ്റം

1614. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള 50 വയസ്സുകഴിഞ്ഞ സ്ഥിരം ജീവനക്കാരുടെ എണ്ണം എത്ര ;

(ബി) 50 വയസ്സുകഴിഞ്ഞ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പഞ്ചായത്ത് വകുപ്പിൽ പ്രസ്തുത ആനുകൂല്യം അനുവദിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ അനോമലി ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്?

## അഗതി ആശ്രയ പദ്ധതിക്ക് അംഗീകാരം .

1615. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ സമർപ്പിച്ച അഗതി ആശ്രയ പദ്ധതിക്ക് ഇത് വരെയും അംഗീകാരം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഗതി അശ്രയ പദ്ധതിക്ക് പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്തുകൾ എത്ര രൂപാ വീതമാണ് നീക്കിവെക്കേണ്ടത്;

(സി) യഥാസമയം അംഗീകാരം ലഭിക്കാത്തതു മൂലം പദ്ധതി വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത പഞ്ചായത്തുകൾക്ക് തുടർന്നു വരുന്ന വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തുന്ന സ്ഥിതിവിശേഷം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## അതുല്യം വിദ്യാഭ്യാസ പദ്ധതി.

1616. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ 18-ന് കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നടത്തിവരുന്ന അതുല്യം പദ്ധതിയുടെ വിജയത്തിലേക്കായി പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കി സാമ്പത്തിക സഹായം ചെയ്യണമെന്ന് സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിച്ചതനുസരിച്ച് എത്ര ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കി പദ്ധതി

നടപ്പിലാക്കിവരുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സാമൂഹിക പ്രതിബദ്ധതയോടെ ചെയ്യേണ്ട ഒരു പദ്ധതി ആയിരിയ്ക്കെ സാമ്പത്തികശേഷിയുള്ള സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിൽപ്പെടുന്നവ ഉൾപ്പെടെയുള്ള പല പഞ്ചായത്തുകളും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ അനാസ്ഥ കാട്ടിവരുന്നതിനെക്കുറിച്ചന്വേഷിക്കുമോ ; ഇതു പരിഹരിക്കുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ ?

## ഉറവിട മാലിന്യ സംസ്കരണ പരിപാടി

1617. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉറവിട മാലിന്യ സംസ്കരണ പരിപാടി നടപ്പിലാക്കുന്നത് നിർബന്ധിതമാക്കാമോ;

(ബി) എങ്കിൽ ഇതിനായി വാർഷിക പദ്ധതി വിഹിതത്തിന്റെ 10% എങ്കിലും നിർബന്ധമായും നീക്കി വെയ്ക്കുന്നതിന് നിർദ്ദേശിക്കാമോ;

(സി) ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കാമോ?

## ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

1618. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഫർണിച്ചറുകൾ, തെരുവ് വിളക്കുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഉപകരണങ്ങളും ഉല്പന്നങ്ങളും സ്വന്തമായി നിർമ്മിക്കാത്തവരും എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെയോ സർക്കാർ രജിസ്ട്രേഷന്റെയോ മറവിൽ ഗുണമേന്മയില്ലാത്ത ഉപകരണങ്ങളും ഫർണിച്ചറുകളും മറ്റും മത്സരാടിസ്ഥാനത്തിലല്ലാത്ത ടെണ്ടറുകൾ നൽകി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## എറണാകുളം ജില്ലയിൽ രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

1619. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പുതുതായി രൂപീകരിച്ച ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ രൂപീകരിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പുതിയ പഞ്ചായത്തുകളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയ്ക്ക് ആവശ്യമായ ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ നൽകുന്നതിന് സത്വര നടപടികൾ ഉണ്ടാകുമോ;

(ഇ) പുതിയ പഞ്ചായത്തുകൾക്ക് പ്രത്യേക വികസനഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>എളങ്കുന്നപ്പുഴ പഞ്ചായത്ത് വിഭജനം</u>

1620. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും രൂപീകരിച്ചതിന് പരിഗണിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) എളങ്കുന്നപ്പുഴ പഞ്ചായത്ത് വിഭജിക്കുന്നതിനുളള പ്രൊപ്പോസൽ ലഭിച്ചിരുന്നോയെന്നു വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുൻസിപ്പൽ വിഭജനം</u>

1621. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുൻസിപ്പൽ വിഭജനങ്ങളുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭജനത്തിന് മാനദണ്ഡം പാലിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

<u>ക്ഷേമപെൻഷനുകളുടെ കുടിശ്ശിക</u>

1622. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ;

(ബി) പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഓരോ പെൻഷനുംവേണ്ടി നീക്കിവച്ച തുക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഓരോ പെൻഷനുവേണ്ടിയും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും വെളിപ്പെടുത്താമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ

1623. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതു ശ്മശാനങ്ങൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളായ ബളാൽ, കള്ളാർ, വനത്തടി എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പഞ്ചായത്തുകളിൽ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിൽ കാല താമസം നേരിടുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

കാലടി പഞ്ചായത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം

1624. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി പഞ്ചായത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം അപകട കരമാണെന്ന പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

1625. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തില്‍ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയര്‍, അസി. എഞ്ചിനീയര്‍, ഓവര്‍സിയര്‍ എന്നിവരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്;

(ബി) ഈ തസ്തികകള്‍ നികത്തുന്നതിന് ചീഫ് എഞ്ചിനീയര്‍ നല്‍കിയ ഉത്തരവു പ്രകാരം താല്‍ക്കാലികാടിസ്ഥാനത്തില്‍ എത്ര പേര്‍ ജോലി ചെയ്യുന്നു ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) ചീഫ് എഞ്ചിനീയര്‍ നിയമന ഉത്തരവു നല്‍കിയവര്‍ ഭൂരിഭാഗം പേരും ജില്ലക്ക് പുറത്തുള്ളവരായതിനാല്‍ കാസര്‍ഗോഡ് വന്ന് ജോലി ചെയ്യാന്‍ സന്നദ്ധരാകാത്ത വിഷയം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ കലക്ടറുടെ നേതൃത്വത്തില്‍ ജില്ലയില്‍ നിന്നുതന്നെയുള്ള ഉദ്യോഗാര്‍ഥികളെ കണ്ടെത്തി നിയമിക്കുന്നതിന് പ്രത്യേക അനുമതി നല്‍കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

<u>കാസര്‍ഗോഡ് ജില്ലയില്‍ പഞ്ചായത്ത് വിഭജനം</u>

1626. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ഏതൊക്കെ പഞ്ചായത്തുകള്‍ വിഭജിക്കുന്നതിനാണ് ഉത്തരവ് ഇറക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പഞ്ചായത്തുകള്‍ അശാസ്ത്രീയമായി വിഭജിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയും രാഷ്ട്രീയ സാമൂഹ്യപ്രവര്‍ത്തകരും ആക്ഷേപം സമര്‍പ്പിച്ചിട്ടുണ്ടോ ;

(സി) എങ്കില്‍ ജില്ലയില്‍ ഇത്തരത്തില്‍ എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പരാതികളില്‍ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>കുടുംബശ്രീയും ജനശ്രീയും</u>

1627. **ശ്രീ.എ.കെ.ബാലന്‍**

**,,** പുരുഷന്‍ കടലുണ്ടി

**,,** വി.ശിവന്‍കുട്ടി

**,,** ആര്‍. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും

സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയ്ക്ക് നൽകിവരുന്ന ഏതെങ്കിലും സാമ്പത്തിക സഹായം ജനശ്രീ വഴിയും നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കുടുംബശ്രീയ്ക്കും ജനശ്രീയ്ക്കും നൽകിയ സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(സി) സ്ത്രീശാക്തീകരണത്തിന് കുടുംബശ്രീയേക്കാൾ എന്ത് പ്രവർത്തന മികവാണ് ജനശ്രീക്കുള്ളതായി സർക്കാർ കരുതുന്നത്;

(ഡി) കുടുംബശ്രീയും ജനശ്രീയും പൊതുസ്വഭാവം, ഘടന, പ്രവർത്തനം അക്കൗണ്ടബിലിറ്റി തുടങ്ങിയ എന്തെല്ലാം കാര്യങ്ങളിൽ നിലവിൽ വ്യത്യാസപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കുടുംബശ്രീയുടെ സ്നേഹിത പദ്ധതി.

1628. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കുറുവ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി

1629. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാപഞ്ചായത്ത് മുഖേന കുറുവ പഞ്ചായത്തിലെ കളത്തിൽ ചാളക്കൽ, കാശാവൻകാട് കോളനികൾക്ക് കുടിവെള്ളമെത്തിക്കുന്നതിനായി 2013-14 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും വല്ല തുകയും അനുവദിച്ചിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയായിരുന്നു അനുവദിച്ചിരുന്നത്;

(സി) ഈ പ്രവൃത്തിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആരാണ്;

(ഡി) ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ടെൻഡർ എടുത്ത വ്യക്തിയുടെ പേരും വിലാസവും വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതിക്കായുള്ള ജലസ്രോതസ്സ് എവിടെയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ജി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി നിലവിൽ കുറവ പഞ്ചായത്തിലുള്ള ജലനിധി പദ്ധതിയുമായി ബന്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പകർപ്പ് ലഭ്യമാക്കാമോ?

## കെട്ടിടനികുതി കുറവു ചെയ്യുന്നത് സംബന്ധിച്ച്

1630. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ, ചെറിയനാട്, നെടുവരംകോട്, തുരുത്തിമേൽ, ചിറമേൽ വീട്ടിൽ ശ്രീമാൻ സി. ഐ. തോമസ്, കെട്ടിടനികുതി കുറവു ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) 29.2.2012 ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ എൽഡിസ്/7821/12/എം3 കത്തിൽ പരാമർശിച്ചിരിക്കുന്നത് അസസ്സ്മെന്റ് രജിസ്റ്ററിൽ 12.10.2010 ൽ ടി പഞ്ചായത്ത് പ്രസിഡന്റ്, പുനപരിശോധിക്കണമെന്ന് വ്യക്തിവൈരാഗ്യം മൂലം എഴുതിച്ചേർത്തിരുന്നതിനാലാണ് എന്ന് വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 12.5.2014 ൽ ചെറിയനാട് പഞ്ചായത്ത് സെക്രട്ടറി സി3/69/14 നമ്പർ കത്ത് പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപാകത പരിഹരിക്കുവാനായി നിയമാനുസൃത നിർദ്ദേശങ്ങൾക്കും സ്പഷ്ടീകരണത്തിനുമായി സമർപ്പിച്ചിരുന്ന റിപ്പോർട്ടിൻമേൽ കഴിഞ്ഞ എട്ട് മാസക്കാലമായി യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 27.5.2014 ലെ സി1/5204/14 ഫയലിൻമേൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## കോഴിക്കോട് തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഭവനശ്രീ വായ്പ

1631. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ കോർപ്പറേഷൻ ബാങ്കിൽ നിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകൾ എഴുതിതള്ളിയിട്ടുണ്ടോ;

(ബി) എങ്കിൽ വായ്പക്കാരുടെ പ്രമാണങ്ങൾ തിരികെ നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തിരുവള്ളൂർ പഞ്ചായത്തിലെ ഭവനശ്രീ ഗുണഭോക്താക്കൾക്ക് കോർപ്പറേഷൻ ബാങ്കിൽ നിന്നും പണയ പ്രമാണങ്ങൾ തിരികെ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

## ഖരമാലിന്യ സംസ്കരണത്തിന് സംവിധാനം

1632. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കല്ല്യാണമണ്ഡപങ്ങൾ, ഹോട്ടലുകൾ, ഫ്ലാറ്റുകൾ പൊതുആവശ്യത്തിന് നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവയിൽ ഖരമാലിന്യ സംസ്കരണത്തിന് വേണ്ടി സംവിധാനം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ;

(ബി) ഈ നടപടിക്രമം പാലിക്കാത്ത സ്ഥാപനങ്ങളുടെ പേരിൽ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

## ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതല

1633. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും ഭേദഗതി വരുത്തി എസ്. സി ,എസ്.ടി പദ്ധതികളുടെ നടത്തിപ്പ് ചുമതലകൂടി നല്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരമൊരു തീരുമാനം കൈക്കൊള്ളാനിടയായ സാഹചര്യം എന്താണെന്നറിയിക്കാമോ;

(സി) ഗ്രാമസേവകർ നിർവഹിച്ചിരുന്ന പ്രസ്തുത ചുമതല അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് നൽകിയത് എസ്. സി ,എസ്.ടി പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഈ തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കും വൈഫൈ നെറ്റ് സൗകര്യവും

1634. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇൻഫർമേഷൻ കിയോസ്കും വൈഫൈ നെറ്റ് സൗകര്യവും ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്നത്തേയ്ക്ക് ഇത് ആരംഭിക്കാൻ കഴിയും?

ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

1635. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ വിഭജിക്കപ്പെട്ട പഞ്ചായത്തുകളിൽ ഏതെല്ലാം പഞ്ചായത്തുകളാണ് വിഭജനം ആവശ്യപ്പെട്ടുകൊണ്ട് സർക്കാറിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) വിഭജിക്കപ്പെട്ട പഞ്ചായത്തുകളോട് വിഭജനം സംബന്ധിച്ച് അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

1636. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ വിഭജനം ഏത് മാനദണ്ഡപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കാമോ?

## ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതി

1637. ശ്രീ.വർക്കല കഹാർ

,, ഐ.സി.ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാകുന്ന സൗകര്യങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഐ.എസ്.ഒ നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട്

1638. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ മുഖേന ടോട്ടൽ സാനിറ്റേഷൻ പ്രോജക്ട് സമർപ്പിച്ച പല പഞ്ചായത്തുകളുടെയും പദ്ധതികൾക്ക് ഇത് വരെയും അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പദ്ധതി വിഹിതത്തിൽ നിന്നും ആനുപാതിക വിഹിതം വകയിരുത്തിയ പഞ്ചായത്തുകളെ പ്രോജക്ടിനുള്ള അംഗീകാരം വൈകുന്നത് പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പദ്ധതിക്ക് അംഗീകാരം നൽകുന്നത് വൈകാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങളിലെ ജനസംഖ്യാ അനുപാതം

1639. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തുകളുടെയും ജനസംഖ്യ ഏററവും കൂടുതലും കുറവും എത്രയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; പ്രസ്തുത വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എത്ര ജനസംഖ്യയിൽ കൂടുതലുള്ള, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളെയാണ് വിഭജിക്കാനുദ്ദേശിക്കുന്നത് ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ മിനിമം വാർഡുകൾ എത്രയായിരിക്കണം എന്നു വ്യവസ്ഥയുണ്ടോ ; ഈ വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമാണ് ; നിലവിലുള്ള വ്യവസ്ഥയും അതിനു മാറ്റം വരുത്താനുള്ള ഉദ്ദേശ്യവും വിശദമാക്കുമോ ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് വിനിയോഗം</u>

1640. ശ്രീ.പി.കെ.ഗുരുദാസൻ

,, വി.ചെന്താമരാക്ഷൻ

,, സി.കെ സദാശിവൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിലുള്ള രീതിയിൽ മാറ്റം വരുന്നതോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ പദവി നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി ഭരണഘടനാഭേദഗതിയുടെ അന്തസത്തയ്ക്ക് യോജിക്കുന്നതാണോ ;

(സി) മാറ്റത്തിനു പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരുടെ ഒഴിവുകൾ</u>

1641. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എത്ര എഞ്ചിനീയർമാരുടെ ഒഴിവുകളാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻമാരുടെയും എത്ര

ഒഴിവുകളാണുള്ളതെന്ന് സ്ഥാപനം, തസ്തിക, ഒഴിവ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ കുറവുമൂലം എം.പി., എം.എൽ.എ.മാരുടെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച്കൊണ്ടുള്ള പ്രവൃത്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളും പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി തുക

1642. ശ്രീ.സാജു പോൾ
ഡോ.കെ.ടി.ജലീൽ
ശ്രീ.സി.കൃഷ്ണൻ
ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം നീക്കിവെച്ചിരുന്ന പദ്ധതി തുക പൂർണ്ണമായും കൈമാറിയോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം വകമാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഐ.എ.വൈ ഭവന പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അനുവദിച്ച പണം വകമാറ്റാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) ട്രഷറി നിയന്ത്രണങ്ങൾ ഏതെങ്കിലും തരത്തിൽ പദ്ധതി പണം വിനിയോഗിക്കുന്നതിനെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വൈദ്യുതീകരണ ജോലികൾ

1643. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതീകരണ ജോലികൾക്ക് പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊള്ളാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്;

(സി) ജോലികൾ പുറംകരാറിന് നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ്</u>

1644. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.പി.കെ.ഗുരുദാസൻ
,, കെ.വി.വിജയദാസ്
,, ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ മുൻകാലങ്ങളിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിരുന്നത്;

(ബി) പ്രസ്തുത മാറ്റങ്ങൾ വരുത്തുന്നതിന് ഇടയായ സാഹചര്യവും മാറ്റം കൊണ്ടുള്ള ലക്ഷ്യവും എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റങ്ങൾ പൂർണ്ണമായും പ്രവൃത്തി പഥത്തിലെത്തിക്കാൻ കഴിഞ്ഞുവോ;

(ഡി) ഇതുമൂലം പദ്ധതി വിഹിതം വിനിയോഗിക്കുവാനും, പ്രസ്തുത വിനിയോഗത്തിലൂടെ ഗുണപരമായ, സ്ഥായിയായ വികസനം താഴെത്തട്ടിൽ നേടിയെടുക്കാനും കഴിഞ്ഞുവോ;വിശദമാക്കാമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം</u>

1645. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വിഭജിക്കാൻ തീരുമാനിച്ചിട്ടുള്ളത്, പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിനെതിരായി ഏതെങ്കിലും പരാതി ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പുതുതായി കോർപ്പറേഷനുകളും, നഗരസഭകളും, പഞ്ചായത്തുകളും രൂപീകരിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവും രൂപീകരണവും

1646. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിന് പ്രേരകമായ ഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഈ തീരുമാനം അഭികാമ്യമാണോ;

(സി) തീരുമാനം മൂലം ഉണ്ടാകുന്ന അധിക ചെലവ് എത്രയെന്നറിയിക്കാമോ;

ത്രിതല പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പദ്ധതികൾ.

1647. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തികവർഷത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും അനുവദിച്ച ഫണ്ട് സംബന്ധിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ചെലവഴിക്കാത്ത തദ്ദേശസ്ഥാപനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ?

നഞ്ച കമ്മിറ്റി -അധികാരങ്ങളും ചുമതലകളും

1648. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരേഖകൾ പ്രകാരം കര ഭൂമിയല്ലാത്ത സ്ഥലങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പരിശോധനകൾക്കായി ഏർപ്പെടുത്തിയ നഞ്ച കമ്മിറ്റികൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ബി) ഇത്തരം നഞ്ച കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനരീതിയും അധികാരങ്ങളും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭവനേതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച്

അഭിപ്രായങ്ങൾ പറയുന്നതിനോ, ശിപാർശ ചെയ്യുന്നതിനോ, അനുമതി നൽകുന്നതിനോ, അനുമതി നിഷേധിക്കുന്നതിനോ ഈ കമ്മിറ്റിക്കുള്ള അധികാരങ്ങളും ചുമതലകളും വിശദമാക്കാമോ?

## പഞ്ചായത്ത് ജീവനക്കാരുടെ ജി.പി.എഫ് ടെമ്പററി അഡ്വാൻസ്

1649. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാർക്ക് ജി.പി.എഫ്., കെ.പി.ഇ.പി.എഫ്. എന്നിവയിൽ നിന്നും ടെമ്പററി അഡ്വാൻസ് എടുക്കുവാൻ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടും ക്രെഡിറ്റ് കാർഡിനോടുമൊപ്പം പാസ്സ്ബുക്ക് നിർബന്ധമാണോ ; പാസ് ബുക്ക് സമർപ്പിക്കാത്തതിന്റെ പേരിൽ റ്റി.എ. അനുവദിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് ജീവനക്കാർക്ക് ജി.പി.എഫ്, കെ.പി.ഇ.പി.എഫ്. എന്നിവയിൽ നിന്നും റ്റി.എ. അനുവദിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകുമോ ?

## പഞ്ചായത്ത് തലത്തിൽ പദ്ധതി ചെലവ്

1650. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ഫെബ്രുവരി 28 വരെ പഞ്ചായത്ത് തലത്തിൽ പദ്ധതി ഇനത്തിൽ എത്ര തുക ചെലവായി; ശതമാനം ഉൾപ്പെടെ വിശദമാക്കാമോ;

(ബി) 2015-16 വർഷത്തിലെ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## പഞ്ചായത്ത് രൂപീകരണം

1651. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനയ്യായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള എത്ര പഞ്ചായത്തുകൾ ഉണ്ട്; അവ ഏതെല്ലാം; ഇതിൽ ഏതെല്ലാം പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നു;വിശദമാക്കുമോ;

(ബി) പഞ്ചായത്തുകളുടെ നിലവിലുള്ള വാർഡുകളുടെ എണ്ണം കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മിനിമം എത്ര വാർഡുകൾ ആവാം; 13 വാർഡുകളിൽ

കൂടുതൽ ഉള്ള പഞ്ചായത്തുകൾ എത്ര;

(സി) പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തുകൾ കൂടി പരിഗണിച്ചുകൊണ്ട്, പതിമൂന്നിൽ കൂടുതൽ വാർഡുകൾ ഉള്ളവ എത്രയെന്ന് വിശദമാക്കാമോ;

(ഡി) കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും മിനിമം വാർഡ്, അതിലെ ജനസംഖ്യ തുടങ്ങിയവ സംബന്ധിച്ച് വ്യവസ്ഥകളിൽ മാറ്റം വരുത്താനുണ്ടോ ; നിലവിലുള്ളത് എത്ര വീതമാണ്;വ്യക്തമാക്കുമോ ?

## പഞ്ചായത്ത് വകുപ്പിന്റെ ബജറ്റ് വിഹിതം

1652. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 -ലെ പഞ്ചായത്ത് വകുപ്പിന്റെ പ്ളാൻ & നോൺ പ്ളാൻ ബജറ്റ് വിഹിതവും 2015 മാർച്ച് 1-വരെയുള്ള ചെലവും ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ കണക്ക് കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ നന്നേ കുറവാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നല്കാനുള്ള വിശദീകരണം എന്താണ്?

## പഞ്ചായത്ത് വകുപ്പിലെ നിയമനം

1653. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഏതെല്ലാം തസ്തികകൾ നിയമനം നടത്താതെ ഒഴിച്ചിട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തസ്തികയും എന്നു മുതലാണ് ഒഴിവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ തസ്തികയിലേക്കും നിയമനം നടത്താതിരിക്കാനുള്ള കാരണം തസ്തിക തിരിച്ച് നൽകാമോ;

(ഡി) പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തിക എന്നു മുതൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

## പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം

1654. **ശ്രീ.മാത്യു റ്റി.തോമസ്**

**,, ജോസ് തെറ്റയിൽ**

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പദ്ധതിചെലവിലെ നാളിതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമ, ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ എത്ര രൂപയുടെ പദ്ധതി ചെലവാണ് ആസൂത്രണം ചെയ്തിരുന്നതെന്നും എത്ര രൂപയുടെ വിനിയോഗം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നിർവ്വഹണത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ്

1655. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച് ഏറ്റവും അവസാനം അവലോകനം നടത്തിയത് എന്നാണ് ;

(ബി) ഇതു പ്രകാരം ആകെ എന്ത് തുക ചെലവഴിച്ചു ; ഇതിൽ തുടർപദ്ധതികളുടെ ചെലവ് എത്രയെന്ന് പ്രത്യേകം ലഭ്യമാക്കാമോ ;

(സി) തുടർപദ്ധതിയിൽ ഉൾപ്പെടുത്തിയതിനുശേഷം തിരിച്ചടച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ?

പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവുകൾ

1656. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ളി മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസ്സിസ്റ്റന്റ് സെക്രട്ടറി, സൂപ്രണ്ട് എന്നിവർ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ സുഗമായ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും ജീവനക്കാർ പഞ്ചായത്തിന്റെ അറിവില്ലാതെ അവധിയിൽ പ്രവേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതിയ കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / പഞ്ചായത്തുകൾ

1657. ശ്രീ.എളമരം കരീം

,, ജെയിംസ് മാത്യു

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / പഞ്ചായത്തുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതിനായി സ്വീകരിച്ച പൊതു മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഇതിന്റെ ഭാഗമായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടുമെന്ന് കണക്കാക്കുന്നു;

(ഡി) പുതിയ തദ്ദേശസ്ഥാപനങ്ങളുടെ ഓഫീസ്സ്, മറ്റടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫ്, ശമ്പളം തുടങ്ങിയവയ്ക്കായി പ്രതിവർഷം എന്ത് ചെലവ് പ്രതീക്ഷിക്കുന്നു;

(ഇ) ഇത് നിർവ്വഹിക്കുന്നത് ഏത് ഹെഡ്ഡിൽ നിന്നായിരിക്കും; ഇതിനായി ബഡ്ജറ്റിൽ പ്രത്യേക പ്രൊവിഷനുണ്ടോ?

<u>പുതിയ ഗ്രാമപഞ്ചായത്തുകൾ</u>

1658. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പുതിയ ഗ്രാമപഞ്ചായത്തുകളാണ് രൂപീകരിച്ചത്; ജില്ല തിരിച്ച് പേരുവിവരം വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്ത് രൂപീകരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>പുനലൂർ മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം</u>

1659. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവർ, ഒഴിവുള്ളവ എന്നിവ ഇനം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഫ്ലക്സ് ബോർഡുകളുടെ നിരോധനം</u>

1660. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലക്സ് ബോർഡുകളുടെ നിരോധനം പ്രാബല്യത്തിലുണ്ടോ;

(ബി) ചവറുകൾ നഗരത്തിൽ ഇടുന്നതു സംബന്ധിച്ച് തലസ്ഥാന നഗര കോർപ്പറേഷൻ ധാരാളം ഫ്ലക്സ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം</u>

1661. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഭക്ഷ്യസംസ്കരണ പോഷകാഹാര കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്നത് സംബന്ധിച്ച നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കുടുംബശ്രീ മിഷന്റെ അഭിപ്രായം അറിയിക്കുകയോ, കേന്ദ്രം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മലപ്പുറം കുറുവ പഞ്ചായത്തിലെ സമ്പൂർണ്ണ പെൻഷൻ പദ്ധതി</u>

1662. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ നാലാം വാർഡിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്നും, ആരിൽ നിന്നൊക്കെ ഏതെല്ലാം പെൻഷൻ പദ്ധതികൾക്കാണ് അപേക്ഷ ലഭിച്ചതെന്നും വിശദമാക്കാമോ;

(ബി) ഇതിമേലുള്ള നടപടി ഏതുവരെയായെന്നും എന്നത്തേക്ക് ഇവർക്ക് പെൻഷൻ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## മാലിന്യ സംസ്കരണ പ്രോജക്ടുകൾ

1663. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ വഴി മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അനുവദിച്ച തുക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കാമോ;

(ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണ പദ്ധതികൾ ശുചിത്വമിഷൻ വഴി നടപ്പാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്; ഓരോ പഞ്ചായത്തും ഏതൊക്കെ പ്രോജക്ടുകൾക്കായി എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇനിയും ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കാത്ത പഞ്ചായത്തുകൾക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉത്തരവിലൂടെ ശ്രമിച്ചത്; ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഇ) മാലിന്യസംസ്കരണം പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാക്കുന്നതിനും, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നതിനും തുടർനടപടികൾ നിരീക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## മാലിന്യപ്രശ്ന പരിഹാരം

1664. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, എ.റ്റി.ജോർജ്

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) മാലിന്യ സംസ്കരണത്തിന് ശുചിത്വമിഷൻ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തിൽ ശുചിത്വമിഷൻ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ</u>

1665. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് നാളിതുവരെ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>വ്യക്തിഗത ആനുകൂല്യത്തിനായി പഞ്ചായത്തുകൾവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം</u>

1666. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തിഗത ആനുകൂല്യത്തിനായി ത്രിതല പഞ്ചായത്തുകൾവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് വിശദമാക്കാമോ;

(സി) ഗ്രാമസഭകളുടെ മിനിട്സ് എഴുതുന്നതിനുള്ള സംവിധാനം എന്താണ്; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ?

<u>വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയ പദ്ധതികൾ</u>

1667. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയത് ; എത്ര കോടി രൂപയുടേതാണ് ഈ വാർഷിക പദ്ധതി ;വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു ; എത്ര കോടി രൂപയുടേതാണ് ഈ പദ്ധതികൾ;വ്യക്തമാക്കുമോ ;

(സി) 2014-15ലെ വാർഷിക പദ്ധതിയിൽ എത്ര കോടി രൂപ വകമാറ്റാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ നിയന്ത്രണം പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

<u>വോട്ടർപട്ടിക പുതുക്കിയതിനുള്ള പ്രതിഫലം</u>

1668. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കൽ ജോലി നിർവ്വഹിച്ചിട്ടുള്ള അംഗൻവാടി ജീവനക്കാർക്ക് അലവൻസ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) അലവൻസ് ലഭ്യമാക്കുന്നതിൽ ഭരണതലത്തിൽ കാലതാമസം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ കാലതാമസം വരുത്തിയ സ്ഥാപനത്തിനെതിരെയും ജീവനക്കാർക്കെതിരെയും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി) അലവൻസ് തുക എത്രയെന്നും തുക എപ്പോൾ ലഭ്യമാക്കുമെന്നും അറിയിക്കാമോ?

<u>ശുചിത്വ മിഷൻ പദ്ധതി</u>

1669. **ശ്രീ.**ജോസഫ് വാഴയ്ക്കൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ

എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## 'സ്നേഹപൂർവ്വം' പദ്ധതി

1670. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികളുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ലഭ്യമായ അപേക്ഷകളിൽ എത്ര തുക ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന അപേക്ഷകൾ എത്രയെന്നും അപേക്ഷകളിൽ എന്ന് തീർപ്പ് കൽപ്പിക്കാനാകുമെന്നും അറിയിക്കാമോ?

## അംഗനവാടികൾ

1671. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യങ്ങളില്ലാതെയും വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്ന അംഗനവാടികളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) അംഗനവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) അംഗനവാടികൾക്ക് പ്രവർത്തിക്കാൻ സ്ഥലം അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

## അനാചാരങ്ങൾക്കെതിരെയുള്ള നടപടികൾ

1672. ശ്രീ.കെ.എൻ.എ.ഖാദർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ബി. അബ്ദുൾ റസാക്

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും

സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊരുവിലക്ക് പോലുള്ള സാമൂഹ്യ അനാചാരങ്ങൾ നിലനില്ക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതുപോലുള്ള സംഭവങ്ങൾ സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന് പരാതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണ പ്രചാരണങ്ങളും നിയമനടപടികളും സ്വീകരിക്കുമോ ?

<u>അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റായി നൽകുന്ന തുക.</u>

1673. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റായി പ്രതിവർഷം എത്ര തുകയാണ് നൽകുന്നത്;

(ബി) 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയാണ് ഓരോ അന്തേവാസിക്കും ഗ്രാന്റായി അനുവദിച്ചത്. ഏത് സാമ്പത്തികവർഷം വരെയുള്ള തുകയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>അമ്മത്തൊട്ടിലിൽ നിന്നും ദത്തെടുക്കൽ</u>

1674. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അമ്മത്തൊട്ടിലിൽ ലഭിച്ച കുഞ്ഞുങ്ങളെ ദത്തെടുക്കുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക സീനിയോറിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ;

(സി) ദത്തെടുക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവ്

1675. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് തീയതി സഹിതം വിശദമാക്കുമോ ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഓർഫനേജ് കൺട്രോൾ ബോർഡ്

1676. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന് സർക്കാർ ധനസഹായം ഉണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ ധനസഹായമല്ലാതെ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വഴികളിലൂടെ എത്ര തുക ലഭിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ഡി) ഇവർക്ക് ശമ്പള കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ ഏത് മാസം മുതൽ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ്

1677. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് പ്രകാരം രജിസ്ട്രേഷനുള്ള എത്ര അനാഥാലയങ്ങൾ ഉണ്ട്;

(ബി) ഈ സർക്കാർ ഈ അനാഥാലയങ്ങൾക്ക് ഓരോ വർഷവും എത്ര തുക വീതം ഗ്രാന്റ് നല്കിയെന്നും; ആകെ എത്ര തുക നല്കിയെന്നും വ്യകതമാക്കാമോ;

(സി) ഗ്രാന്റ് വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഇവ എന്നത്തേക്ക് നൽകാൻ

കഴിയുമെന്നറിയിക്കാമോ?

<u>ക്ഷേമ പെൻഷനുകൾ</u>

1678. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ ഓരോന്നും എത്ര മാസത്തെ വീതം കുടിശ്ശിക ആയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിന് വീഴ്ച വരുന്നതിനിടയായ സാഹചര്യം വിശദീകരിക്കുമോ;

(സി) 2015 മാർച്ച് മാസം വരെയുള്ള ക്ഷേമ പെൻഷനുകൾ അടിയന്തിരമായി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ക്ഷേമ പെൻഷനുകൾ ഓൺലൈനായി നൽകുന്നത്</u>

1679. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിലേക്ക് സ്ഥലം മാറുമ്പോൾ പുതിയ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ പുതിയതായി അപേക്ഷ നൽകേണ്ടതുണ്ടോ ;

(ബി) ഇപ്രകാരം പുതിയതായി അപേക്ഷ നൽകുന്നതിനു പകരം ഇവരുടെ പെൻഷനുകൾ ഓൺലൈനായി പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ ?

<u>ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിനു നടപടി</u>

T 1680. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിനുപകരം എപ്പോഴെങ്കിലും ഒരുമിച്ച് നൽകുന്നത് കൊണ്ട് ഉദ്ദേശിച്ച ഫലം പെൻഷൻകാർക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ക്ഷേമ പെൻഷനുകളിൽ നിലവിൽ കുടിശ്ശികയായുണ്ട്;

(സി) 2015 മാർച്ച് 31 വരെയുള്ള ക്ഷേമപെൻഷനുകൾ എല്ലാം കൂടി നൽകുന്നതിന്

മൊത്തം എന്ത് തുക ആവശ്യമാണ്;

(ഡി) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടതിൽ എന്ത് തുക അവശേഷിക്കുന്നുണ്ട്?

## ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക

T 1681. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ക്ഷേമ പെൻഷനുകൾക്കായി എത്ര തുക ഇതിനകം ചെലവഴിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പെൻഷനുകൾക്ക് എത്ര മാസം കുടിശ്ശിക വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇത് നൽകുന്നതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ?

## ക്ഷേമപെൻഷൻ കുടിശ്ശിക

1682. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പെൻഷനുകൾ എന്നു മുതൽ കുടിശ്ശികയായിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(സി) ഫെബ്രുവരി 2015 വരെയുള്ള പെൻഷൻ കുടിശ്ശിക നല്കാൻ എന്തു തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക മുഴുവൻ അടിയന്തിരമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിയ്ക്കുമോ?

## കുട്ടികൾ-സ്ത്രീകൾ-മുതിർന്ന പൗരന്മാർ എന്നിവരുടെ സംരക്ഷണം

1683. ശ്രീ.തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ-സ്ത്രീകൾ-മുതിർന്ന പൗരന്മാർ എന്നിവരുടെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനും ശാക്തീകരണത്തിനും പുതിയ എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള സാമൂഹിക മിഷൻ പദ്ധതികൾ **2014-15**

1684. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൻ കീഴിലെ കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിരുന്നു; 2015 ഫെബ്രുവരി 28 വരെ എത്ര തുക ചിലവാക്കി;

(ബി) 2014-15 ൽ ആശ്വാസകിരണം പദ്ധതിക്ക് എത്ര തുക വകയിരുത്തി; എത്ര തുക നാളിതുവരെ ചിലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(സി) കാൻസർ സുരക്ഷ പദ്ധതിക്കായി എത്ര തുക 2014-15 ൽ വകയിരുത്തി; എത്ര തുക നാളിതുവരെ ചിലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചു;

(ഡി) താലോലം പദ്ധതിക്ക് 2014-15 ൽ എത്ര തുക വകയിരുത്തി; എത്ര തുക നാളിതുവരെ ചിലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചു;

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് 2014-15 ൽ എത്ര തുക വകയിരുത്തി; നാളിതുവരെ എത്ര തുക ചിലവഴിച്ചു; ആയതിൻപ്രകാരം എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(എഫ്) വയോമിത്രം പദ്ധതി 2014-15 ൽ എന്തു തുക വകയിരുത്തി; എത്ര തുക നാളിതുവരെ ചിലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## ചികിത്സാ ചെലവ്

1685. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരുലക്ഷം രൂപയിൽ താഴെ വാർഷികവരുമാനം ഉള്ള കുടുംബങ്ങളിൽ, ഗുരുതരാവസ്ഥയിലുള്ള നിത്യരോഗികളുടെ ചികിത്സാ ചെലവിനായി സാമൂഹ്യനീതി വകുപ്പ് പ്രതിമാസ സഹായപദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുക വകയിരുത്തി അനുവദിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി) ആയതിൽ എത്ര തുക ചെലവഴിച്ചുവെന്ന് ഗുണഭോക്താക്കളുടെ എണ്ണം സഹിതം ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ?

## ഡോ. ജയരാജ് ഏകാംഗ കമ്മീഷൻ ശുപാർശകൾ

1686. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ജയരാജ് ഏകാംഗ കമ്മീഷൻ ശുപാർശകൾ നൽകിയതിൽ ഏതെല്ലാം ശുപാർശകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ സ്കൂളുകളിൽ ഒക്കുപേഷണൽ തെറാപിസ്റ്റിന്റെ തസ്തികകൾ ഉൾപ്പെടുത്തണം എന്ന പ്രസ്തുത റിപ്പോർട്ടിലെ ശുപാർശയനുസരിച്ച് ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (DEIC) കളിൽ ഒക്കുപേഷണൽ തെറാപിസ്റ്റിന്റെ തസ്തികകൾ ഉൾപ്പെടുത്തുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>നബാർഡ് ആർ .ഐ. ഡി .എഫ്. പദ്ധതി</u>

1687. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ. ഐ .ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത് ;വിശദാംശം നൽകാമോ ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമൊ ?

<u>നിർദ്ധന പെൺകുട്ടികളുടെ വിവാഹ ധനസഹായം</u>

1688. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധന പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി മലബാർ ഗോൾഡും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നൽകുന്ന തുക ഇപ്പോഴും നൽകുന്നുണ്ടോയെന്നു വ്യക്തമാക്കാമോ ; ഇത് മറ്റേതെങ്കിലും സ്ഥാപനങ്ങളുമായി ചേർന്ന് പരിഷ്കരിച്ച് നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ; ഈ നടപടികൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>പ്രത്യാശ പദ്ധതി</u>

1689. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിലുള്ള പ്രത്യാശ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ലഭ്യമായ അപേക്ഷകൾ പ്രകാരം എത്ര തുക അനുവദിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന അപേക്ഷകളിൽ എന്ന് തീർപ്പ് കൽപ്പിക്കാനാകുമെന്ന് അറിയിക്കാമോ?

## പിണറായിയിലെ അംഗൻവാടി ട്രെയിനിംഗ് സെന്റർ

1690. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം മണ്ഡലത്തിലെ പിണറായിയിൽ നിർമ്മിക്കുന്ന അംഗൻവാടി ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ?

## ബജറ്റിൽ അംഗൻവാടികൾക്കുംഐ.സി.ഡി.എസ്. കൾക്കും വകയിരുത്തിയ തുക

1691. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഫെബ്രുവരി 28 ന് പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ അംഗൻവാടികൾക്കും ഐ.സി.ഡി.എസ്.കൾക്കും മുൻ വർഷങ്ങളിൽ വകയിരുത്തിയ തുകയുടെ ഏകദേശം പകുതിയോളം തുക മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരമാണ് കേരളത്തെ പ്രതികൂലമായി ബാധിയ്ക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ബഡ്ജറ്റ് സാമൂഹ്യനീതി വകുപ്പിനെ എപ്രകാരം പ്രതികൂലമായി ബാധിക്കും എന്ന കാര്യത്തിൽ വിശദീകരണം നൽകുമോ?

## ബാലപീഢനം തടയാൻ നടപടി

1692. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൺകുട്ടികളിൽ മൂന്നിലൊരാൾ ബാല്യകാലത്ത് ലൈംഗിക പീഢനത്തിന് ഇരയാകുന്നുവെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(സി) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>മിഷൻ **676-**സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പദ്ധതികൾ</u>

1693. ശ്രീ.വി.പി.സജീന്ദ്രൻ

,, എം.പി.വിൻസെൻറ്

,, വർക്കല കഹാർ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനു നടപടി.</u>

1694. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി (Proection of Children from Sexual Offences)പി ഒ സിഎസ്ഒ( POSCO-) ഡിവിഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി എത്ര തുക നടപ്പ് ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഈ ഡിവിഷന്റെ പ്രവർത്തന അധികാര ഘടനാ വിവരങ്ങൾ വിശദമാക്കാമോ;

(സി) നാളിതുവരെ എത്ര തുക ഡിവിഷൻ ആരംഭിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) കേന്ദ്ര സർക്കാറിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ആയതിന് വേണ്ടി എന്തെങ്കിലും തരത്തിലുള്ള ശ്രമം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## വയോമിത്രം പദ്ധതി

1695. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ എന്തെല്ലാം;

(ബി) ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകൂർ സംഭാവന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; എന്താണ് ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനം എന്നറിയിക്കാമോ;

(സി) ഈ നിർദ്ദേശം പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിക്കുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ വിഹിതം വെട്ടിക്കുറയ്ക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറെടുക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വയോമിത്രം പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

## വി-കെയർ പദ്ധതി

1696. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വി-കെയർ എന്ന പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ആയത് ഏതെല്ലാം ഏജൻസികൾ മുഖാന്തിരമാണെന്നും ഇനം തിരിച്ച് അറിയിക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ

വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ?

<u>വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ</u>

1697. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് എത്ര മോട്ടോർ ഘടിപ്പിച്ച ത്രീ വീലറുകൾ നൽകിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇതിനായി അപേക്ഷിച്ചിട്ടുള്ള എത്ര പേർക്ക് ഇനിയും പ്രസ്തുത വാഹനം നൽകാനുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ഈ വാഹനം ലഭിക്കുന്നതിനായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്നും അറിയിക്കുമോ ;

(ഇ) അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനകം പ്രസ്തുത ആനുകൂല്യം നൽകുമെന്നുള്ള വിവരം അറിയിക്കമോ ?

<u>വിവാഹ പൂർവ്വ കൗൺസലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി</u>

1698. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാമ്പത്യ ബന്ധങ്ങൾ തകരുകയും കുടുംബകോടതികളിൽ കേസുകൾ വർദ്ധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗ് കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ?

<u>വിവാഹങ്ങളിലെ ധൂർത്തും ആഡംബരങ്ങളും</u>

1699. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക സഹായം നേടി നടത്തുന്ന വിവാഹങ്ങളിലെ ആഡംബരങ്ങളും ദുഷ്ചെലവുകളും ഒഴിവാക്കുവാൻ എന്തെല്ലാം മുൻകരുതലുകളും

പരിശോധനകളും നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിവാഹങ്ങളിലെ ധൂര്‍ത്തും ആഡംബരങ്ങളും ഒഴിവാക്കുന്നതിന് മാതൃകാപരവും, ജാതി -മത രഹിതവും സ്ത്രീധന വിരുദ്ധവുമായ വിവാഹങ്ങളെ പ്രോല്‍സാഹിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ?

<u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്‍ക്ക് നല്‍കിവരുന്ന പെന്‍ഷന്‍</u>

1700. **ശ്രീ.എ. പ്രദീപ്കുമാര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്‍ക്ക് നിലവില്‍ നല്‍കിവരുന്ന പെന്‍ഷന്‍ സംബന്ധിച്ച വിവരം നല്‍കാമോ;

(ബി) ഈ സര്‍ക്കാര്‍ പെന്‍ഷന്‍ നിരക്കില്‍ വര്‍ദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കില്‍ എന്ത് വര്‍ദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) പെന്‍ഷന്‍ വിതരണത്തില്‍ ഇപ്പോള്‍ കുടിശ്ശികയുണ്ടോ; എത്ര മാസത്തെ കുടിശ്ശികയാണുള്ളത്;

(ഡി) കുടിശ്ശിക നല്‍കുന്നതിനായി എന്ത് തുക വേണ്ടിവരും; ഇത് എന്നത്തേക്ക് വിതരണം ചെയ്യാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ശിശു സംരക്ഷണ പരിപാടി</u>

1701. **ശ്രീ.തേറമ്പില്‍ രാമകൃഷ്ണന്‍**

**,,** ആര്‍ . സെല്‍വരാജ്

**,,** ഐ.സി.ബാലകൃഷ്ണന്‍

**,,** സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നല്‍കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) കുട്ടികള്‍ക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങള്‍ തടയാന്‍ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ നല്‍കുമോ ?

<u>ശിശുക്ഷേമ സമിതി കൃഷുകളുടെ പ്രവര്‍ത്തനം</u>

1702. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ക്രഷുകളിൽ ബാലസേവികയ്ക്കും ആയയ്ക്കും നൽകുന്ന മാസവേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കുട്ടിക്ക് ഒരു ദിവസം പോഷകാഹാരത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ക്രഷുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മെച്ചപ്പെട്ട പോഷകാഹാരം ലഭ്യമാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ?

<u>ശിശുക്ഷേമ സമിതിയുടെ ക്രഷുകൾ</u>

1703. ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ
,, പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ക്രഷുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി എന്നാണ് നിലവിൽ വന്നതെന്നും ക്രഷുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എപ്രകാരമാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ ;

(സി) ഫണ്ടിന്റെ അപര്യാപ്തത പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ക്രഷുകളുടെ നടത്തിപ്പ് ചുമതലയുള്ള ശിശുക്ഷേമസമിതികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും</u>

1704. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതും നിയമപരമായി ബന്ധം വേർപെടുത്തിയതുമായ സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും വിശദമാക്കുമോ;

(ബി) ഇവ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്നതും പെൺമക്കൾ മാത്രമുള്ളതുമായ സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാണോയെന്നുള്ള വിവരം അറിയിക്കുമോ?

## സാമൂഹ്യ നീതി വകുപ്പ് പദ്ധതികൾ

1705. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള ധനസഹായമാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ ?

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

1706. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) ഒന്നിലധികം പെൻഷനുകൾ വാങ്ങുന്നതിന് നിലവിൽ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട് സാമൂഹ്യ നീതി വകുപ്പിൽ നിന്നും 20.06.2014, 12.02.2015 തീയതികളിൽ ഇറങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

## സാമൂഹ്യക്ഷേമ പെൻഷനുകൾ

1707. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് വഴി നൽകി വരുന്ന പെൻഷനുകൾ ഏതെല്ലാമാണ്;

(ബി) കഴിഞ്ഞ നാല് വർഷം കൊണ്ട് ഈ പെൻഷനുകൾക്കുണ്ടായിട്ടുള്ള വർദ്ധനവിന്റെ തോത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത്; എന്ത് തുക വീതമാണ് കുടിശ്ശികയുള്ളത്;

(ഡി) കുടിശ്ശിക തുക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി ബജറ്റിൽ അനുവദിച്ച തുക

1708. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി 2014-15 ബജറ്റിൽ അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ ;

(ബി) അതിൽ ഏതൊക്കെ വിഭാഗത്തിൽ എത്ര തുക വീതം ലഭിച്ചു; എത്ര തുക വീതം ഓരോ വിഭാഗവും ചെലവഴിച്ചു; എത്ര തുക മിച്ചം ഉണ്ട്;വിശദമാക്കാമോ?

സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അഗതിമന്ദിരങ്ങൾ

1709. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര അഗതിമന്ദിരങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; ഇവയിൽ ആകെ എത്ര അന്തേവാസികളെയാണ് പാർപ്പിച്ചിട്ടുള്ളത്; ഇവിടങ്ങളിലെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ?

ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ

1710. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ദേശത്ത്, വാച്ചാലയ്ക്കൽ വീട്ടിൽ ശ്രീ. ആന്റണി ജോർജിന്റെ അപേക്ഷ പരിഗണിച്ച്, ഹീമോഫീലിയ രോഗികൾക്കുള്ള പെൻഷൻ പ്രസ്തുത വ്യക്തിയ്ക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

1711. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നഗരപ്രദേശങ്ങൾക്കായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച് വിശദമാക്കാമോ;

(ബി) എത്ര കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് നടപ്പ് വർഷത്തിൽ തൊഴിൽ ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## അർബൻ **2020** പദ്ധതി

1712. ശ്രീ.വി.ഡി.സതീശൻ
,, പി.സി വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിc മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) നഗരപദ്ധതികളുടെ മുഖഛായ മാറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

## ആലപ്പുഴ നഗരത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ

1713. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിൽ കനാൽക്കരയിലും റോഡരുകിലുമായി നഗരസഭയുടെ എത്ര കടമുറികളാണ് നിലവിലുള്ളതെന്നും അവ എവിടെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയായിട്ടും കൈമാറ്റം ചെയ്യപ്പെടാത്തവ എത്രയാണെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കടമുറികൾ കൈമാറുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ആലപ്പുഴ ബീച്ചിലുള്ള കെട്ടിടം ഇന്ത്യൻ കോഫീ ഹൗസിന് നൽകിയത് എന്തെല്ലാം വ്യവസ്ഥകളോടെയാണ്; എന്നു മുതൽ എന്നു വരെയാണ് കരാർ കാലാവധി; വിശദമാക്കുമോ?

## ആശാൻ സ്ക്വയറിൽ ഹൈമാസ്റ്റ് ലൈറ്റ്

1714. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആശാൻ സ്ക്വയർ ചുറ്റിയാണ് ബൈപാസ്, എയർപോർട്ട്, വേളി, ശംഖുംമുഖം എന്നിവിടങ്ങളിൽ നിന്നും വരുന്ന എല്ലാ വാഹനങ്ങളും സിറ്റിയിൽ എത്തിച്ചേരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശാൻസ്ക്വയർ റൗണ്ടിൽ രാത്രി ശരിയായ വെളിച്ചമില്ലാതിരുന്നതിനാൽ ഒരിക്കൽ വി.വി.ഐ.പി.കളുമായി എത്തിയ മോട്ടോർ കേഡ് ദിശമാറി സഞ്ചരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആശാൻ സ്ക്വയറിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

## ഐ. കെ. എം. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ

1715. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും 2005 ൽ ഐ. കെ. എം. മുഖേന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം തുടരുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) കേരളത്തിലെ 52 മുൻസിപ്പാലിറ്റികളും ഐ. കെ. എം. മുഖേന നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം തുടർന്നും ആവശ്യമുണ്ടെന്ന് സർക്കാരിനെ രേഖാമൂലം അറിയിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) നഗരസഭ/കോർപ്പറേഷനുകളുടെ തനത് ഫണ്ടിൽ നിന്നുമാണ് ഇവർക്കുള്ള വേതനം നൽകുന്നത് എന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ല എന്ന വസ്തുത പരിഗണിച്ചും ഇപ്രകാരം നിയമിക്കപ്പെട്ട് ഇപ്പോഴും തുടരുന്നവരെ മുൻസിപ്പാലിറ്റികളിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) 2005 ൽ ഐ.കെ. എം. മുഖേന തെരഞ്ഞെടുത്ത് നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം മുൻസിപ്പാലിറ്റികളിൽ വേണ്ട എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>കരമന -കളിയിക്കാവിള ദേശീയപാതാ വികസനം</u>

1716. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന -കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവു നൽകി കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കായംകുളം നഗരസഭയിലെ അഴിമതി</u>

1717. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ ടാർ മോഷണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) കായംകുളം നഗരസഭയിലെ അഴിമതിയുമായി ബന്ധപ്പെട്ട് പുറത്ത് വന്ന വാർത്തയും, ഇതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേലും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

<u>കുന്നംകുളം നഗരസഭയുടെ പ്ലാൻ ഫണ്ട് ഇനത്തിലെ ചെലവ്</u>

1718. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം കുന്നംകുളം നഗരസഭയ്ക്ക് ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഫണ്ട് ഇനത്തിൽ എത്ര രൂപയാണ് അനുവദിച്ചത്;

(ബി) ഇതിൽ തനതു സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചു; ചെലവഴിച്ച തുക

അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ;

(സി) 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി പ്ലാൻ ഫണ്ടിനത്തിൽ എത്ര രൂപ അനുവദിച്ചു;

(ഡി) അതിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു ; എത്ര പദ്ധതികൾ നടപ്പാക്കി;

(ഇ) ചെലവഴിച്ച തുക അനുവദിച്ച തുകയുടെ എത്ര ശതമാനമാണ് ; വിശദാംശം നൽകുമോ?

## കെ .എസ്.യൂ. ഡി .പി പ്രോജക്റ്റ്

1719. ശ്രീ.മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു
ശ്രീമതി.ജമീല പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്.യൂ .ഡി പി പ്രോജക്റ്റ് പ്രകാരം എന്തെല്ലാം പദ്ധതികളാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എത്ര കോടി രൂപയുടെ കേന്ദ്ര അനുമതി പ്രതീക്ഷിക്കുന്നുണ്ട്;

(സി) ഏതെല്ലാം നഗരസഭകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

## കേരള സുസ്ഥിര നഗരവികസന പദ്ധതി

1720. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതിക്കായി മട്ടന്നൂർ നഗരസഭയിലെ ഏതെല്ലാം പദ്ധതികളാണ് കെ.എസ്.യു.ഡി.പി.ക്ക് സമർപ്പിച്ചിട്ടുള്ളത് ; ഓരോ പദ്ധതിയും എത്ര തുകയുടെ എസ്റ്റിമേറ്റ് അടങ്ങിയതാണ്;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

## കോഴിക്കോട് നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണ നിലവാരം

1721. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സ്വകാര്യ വ്യക്തികൾ വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണ നിലവാരമുള്ളതാണോ എന്ന് കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗം പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വെള്ളം ശേഖരിക്കുന്ന കിണറുകളും കുളങ്ങളും ഹെൽത്ത് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ?

<u>കൊല്ലം കോർപ്പറേഷനിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

1722. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോർപ്പറേഷനിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കൊല്ലം നഗരത്തിൽ മാലിന്യ സംസ്കരണത്തിനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ?

<u>ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി</u>

1723. **ശ്രീ.മോൻസ് ജോസഫ്**
**,,** തോമസ് ഉണ്ണിയാടൻ
**,,** സി.എഫ്.തോമസ്
**,,** റ്റി.യു. കുരുവിള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗര കേന്ദ്രങ്ങളിലെ ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഖരമാലിന്യ സംസ്കരണത്തിന് പുതിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഇന്ത്യയിലെയും വിദേശരാജ്യങ്ങളിലെയും മെട്രോ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ രീതികളിൽ കേരളത്തിന് അനുയോജ്യമായവ സ്വീകരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## ജനന രജിസ്ട്രേഷനിലെ തിരുത്തൽ

T 1724. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന രജിസ്ട്രേഷനിലെ തെറ്റുകൾ തിരുത്തിക്കിട്ടുന്നതിനും അജ്ഞതകൊണ്ട് യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുടെ കാര്യത്തിൽ രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഇന്നു നിലനിൽക്കുന്ന പ്രയാസങ്ങളും അപ്രായോഗിക വ്യവസ്ഥകളും നീക്കിക്കിട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെയും നൽകിയ നിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## ജനന സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തൽ

T 1725. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പുതുക്കിയ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത് ഉദ്യോഗസ്ഥർ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

1726. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ തദ്ദേശഭരണ വകുപ്പിലെ പദ്ധതി ചെലവ് എത്രയാണ്;

(സി) ഈ വർഷം തദ്ദേശഭരണ വകുപ്പിന് ലഭിക്കേണ്ട വികസന ഫണ്ടിന്റെ ഗഡുക്കളിൽ

കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>തലസ്ഥാന നഗരിയിലെ ചവർ നിക്ഷേപക സൗകര്യം</u>

1727. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ പൊതുജനങ്ങൾക്ക് ചവർ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് എവിടെയെല്ലാമാണെന്ന് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കാതെ ചവർ നിക്ഷേപനിരോധന ബോർഡുകൾ മാത്രം വ്യാപകമായി പ്രദർശിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്ഥലസൗകര്യമില്ലാത്ത നഗരവാസികൾക്ക് ചവർ നിക്ഷേപിക്കുന്നതിനുള്ള പൊതു സൗകര്യം ഏർപ്പെടുത്തി അതു പരസ്യപ്പെടുത്തിയുള്ള ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>തിരുവനന്തപുരം നഗരസഭയിൽ നിർത്തിവച്ചിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ</u>

1728. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ വിവിധ വാർഡുകളിൽ കോടതി സ്റ്റേ കാരണം നിർത്തിവച്ചിരിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാർഡിന്റെ പേര്, പ്രവൃത്തിയുടെ പേര്, സ്റ്റേ കാലാവധിയുടെ തീയതികൾ, ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കുമോ?

<u>നഗര ജലസ്രോതസ്സുകളുടെ മലിനീകരണം</u>

1729. **ശ്രീ.പി.കെ.ബഷീർ**

**,,** കെ.എൻ.എ.ഖാദർ

**,,** പി.ബി. അബ്ദുൾ റസാക്

**,,** അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ ജലാശയങ്ങളിലും, തോടുകളിലും, നദികളിലും മാംസാവശിഷ്ടം ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്ന കരാർ സംഘങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാലിന്യം വലിച്ചെറിയാനുള്ളതല്ലെന്ന അവബോധം നഗരവാസികളിൽ ഉണ്ടാക്കിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഉറവിട മാലിന്യസംസ്കരണ സാഹചര്യമില്ലാത്ത നഗരവാസികളിൽ നിന്നു മാലിന്യം ശേഖരിക്കാനും, പരിസരമലിനീകരണമില്ലാതെ സംസ്കരിക്കാനും കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള നഗരസഭകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

## നഗരങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ

1730. ശ്രീ.പാലോട് രവി

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പ്ലാന്റുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## നഗരവികസന മാസ്റ്റർ പ്ലാനുകൾ

1731. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവൽക്കരണത്തിന് ആനുപാതികമായി നഗരങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനുതകുന്ന മാസ്റ്റർ പ്ലാനുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ;

(ബി) മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇപ്പോൾ നടപ്പാക്കിവരുന്ന പ്രധാന മാസ്റ്റർ പ്ലാനുകൾ ഏതെല്ലാമാണ്; ഇവയുടെ പുരോഗതി വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ സ്വീകരിക്കാൻപോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## നഗരസഭകളുടെ അടിസ്ഥാന സൗകര്യവികസനം

1732. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം നഗരകാര്യ വകുപ്പ് ഓരോ നഗരത്തിനും എത്ര തുക വീതം അടിസ്ഥാന സൗകര്യവികസനത്തിന് നൽകിയിട്ടുണ്ടെന്ന് നഗരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നഗരസഭകൾക്ക് പ്രത്യേക പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ആറ്റിങ്ങൽ നഗരസഭയുടെ അടിസ്ഥാന സൗകര്യവികസനത്തിന് സമർപ്പിച്ച പദ്ധതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## നഗരസഭകളുടെ രൂപീകരണം

1733. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നഗരസഭകളായി മാറുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് നഗരവാസികൾക്ക് ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

## നഗരസഭാ ജീവനക്കാരുടെ പി.എഫ്.

1734. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാരുടെ ഏതുവർഷം വരെയുള്ള പി.എഫ്. ക്രഡിറ്റ് കാർഡ് നൽകിയിട്ടുണ്ട് ;ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട് ; കാർഡ് നല്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവരുടെ പി.എഫ്. തുകയ്ക്ക് പലിശ എത്ര ശതമാനം നിരക്കിലാണ് നൽകുന്നത് ;

(സി) പി.എഫ്. സെക്ഷനിൽ വേണ്ടത്ര ജീവനക്കാർ നിലവിലുണ്ടോ ; എത്ര ജീവനക്കാരുടെ അഭാവമാണ് ഇവിടെ ഉള്ളത് ;

(ഡി) പി.എഫ്. പോസ്റ്റിംഗ് നടത്തുന്നതിന് ആധുനിക കംമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കുമോ ?

<u>നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം</u>

1735. **ശ്രീ.പി.സി വിഷ്ണുനാഥ്**

**,,** വി.പി.സജീന്ദ്രൻ

**,,** തേറമ്പിൽ രാമകൃഷ്ണൻ

**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പ്ലാൻ പദ്ധതിപ്രകാരം ചെലവാക്കിയ തുക</u>

1736. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഫെബ്രുവരി 28 വരെ മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ പ്ലാൻ പദ്ധതി പ്രകാരം എത്ര തുക ചെലവാക്കി;ആയത് എത്ര ശതമാനം; വിശദമാക്കാമോ;

(ബി) 2015-16 ലെ പദ്ധതിക്ക് രൂപ രേഖ തയ്യാറാക്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>പാർട്ണർ കേരള മിഷൻ</u>

1737. **ശ്രീ.പി.സി. ജോർജ്**

**ഡോ.എൻ. ജയരാജ്**

ശ്രീ.റോഷി അഗസ്റ്റിന്‍

,, എം.വി.ശ്രേയാംസ് കുമാര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പാര്‍ട്ണര്‍ കേരള മിഷന്‍ രൂപീകൃതമായത് എന്നാണ്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വ്യക്തമാക്കുമോ;

(ബി) 2014 ഫെബ്രുവരി മാസം നടന്ന നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തില്‍ തുടര്‍ നടപടികള്‍ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) സംഗമത്തില്‍ നിക്ഷേപകര്‍ താല്പര്യം പ്രകടിപ്പിച്ച പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) 2015-16 സാമ്പത്തിക വര്‍ഷം നഗരകാര്യ വകുപ്പിന്റെ കീഴില്‍ ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>പുനരുപയോഗം ചെയ്യുവാന്‍ കഴിയാത്ത വസ്തുക്കളുടെ വ്യാപകമായ ഉപയോഗം മൂലമുണ്ടാകുന്ന മാലിന്യം</u>

1738. ശ്രീ.കെ.എന്‍.എ.ഖാദര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പുനരുപയോഗം ചെയ്യുവാന്‍ കഴിയാത്ത വസ്തുക്കളുടെ വ്യാപകമായ ഉപയോഗം മൂലമുണ്ടാകുന്ന മാലിന്യം തടയുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) പൊതുചടങ്ങുകളിലും സ്വകാര്യ ചടങ്ങുകളിലും ഇത്തരം വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാന്‍ എന്തെങ്കിലും നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) അത്തരം ചടങ്ങുകളില്‍ പുനരുപയോഗം ചെയ്യുവാന്‍ കഴിയുന്ന വസ്തുക്കള്‍ ഉപയോഗിക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ;

(ഡി) പുനരുപയോഗം ചെയ്യുവാന്‍ കഴിയാത്ത വസ്തുക്കളുടെ നിര്‍മ്മാണവും വിപണനവും നിയന്ത്രിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

<u>മിഷന്‍ **676** -ല്‍ ഉള്‍പ്പെടുത്തി ക്ലീന്‍ കേരള പദ്ധതികള്‍</u>

1739. ശ്രീ.ഷാഫി പറമ്പില്‍

,, അന്‍വര്‍ സാദത്ത്

,, ബെന്നി ബെഹനാന്‍

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 -ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യു. എൻ. ഡി. പി.യുടെ ഡി. ആർ. ആർ. പ്രോജക്ടുകൾ

1740. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജി. ഒ. ഐ., യു. എൻ. ഡി. പി.എന്നിവയുടെ ഡി. ആർ. ആർ. പി. നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രോജക്ടുകൾ കൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാം; ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ ഉൾപ്പെടുത്തി; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിനുള്ള സാമ്പത്തിക സ്രോതസ്സ് എവിടെ നിന്നാണ്എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ട് ആരംഭിച്ചതു മുതൽ എത്ര തുക എവിടെ നിന്നെല്ലാം ലഭിച്ചു; എത്ര തുക ചെലവഴിച്ചു എന്നതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

റിസോർട്ട് മാഫിയയുടെ പ്രവർത്തനം

T 1741. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചേറായി തീര പ്രദേശത്ത് റിസോർട്ട് മാഫിയ പിടിമുറുക്കുന്നതായുള്ള മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് തീരദേശപരിപാലന നിയമം ലംഘിച്ച് നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായും, ഇപ്പോഴും കെട്ടിട നിർമ്മാണങ്ങൾ നടക്കുന്നതായുമുള്ള

റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കെതിരെ എന്ത് നടപടികളാണ് എടുത്തിട്ടുള്ളതെന്നും തീരദേശപരിപാലനനിയമം ലംഘിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളുടേതല്ലാത്ത എത്ര കെട്ടിടങ്ങൾ പ്രസ്തുത പ്രദേശത്ത് പണി കഴിപ്പിച്ചിട്ടുണ്ടെന്നും ഇപ്പോൾ എത്ര കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) തീരദേശപരിപാലന നിയമം ലംഘിച്ച് ഇപ്പോൾ നിർമ്മാണം നടത്തുന്ന കെട്ടിടങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തീരദേശപരിപാലന നിയമം ലംഘിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ അനുമതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## വർദ്ധിപ്പിച്ച കെട്ടിട നികുതി

T 1742. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിപ്പിച്ച കെട്ടിട നികുതി മരവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണം

1743. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പദ്ധതി നിർവ്വഹണത്തിന് സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## ശ്രീമതി രാധമ്മ, പൗഡിക്കോണം സമർപ്പിച്ച പെൻഷൻ അപേക്ഷ

1744. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ ശ്രീകാര്യം സോണൽ ഓഫീസിൽ ശ്രീമതി രാധമ്മ, കുഴിക്കാട്ടുവീട്, പൗഡിക്കോണം പി.ഒ, ഫയൽ നമ്പർ 9380/2013 പ്രകാരം 30/12/2013 -ൽ സമർപ്പിച്ച വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; ഇല്ലെങ്കിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പെൻഷൻ അനുവദിച്ചതായിട്ടുള്ളതോ നിരസിച്ചതായിട്ടുള്ളതോ ആയ അറിയിപ്പ് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട നഗരങ്ങൾ

1745. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച സ്മാർട്ട് സിറ്റി പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) ടി പദ്ധതിയിൽ സംസ്ഥാനത്തെ പരമാവധി നഗരങ്ങളെ ഉൾപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

## സുസ്ഥിര നഗര വികസന പദ്ധതി

1746. ശ്രീ.സണ്ണി ജോസഫ്
,, എം.പി.വിൻസെന്റ്
,, വി.റ്റി.ബൽറാം
,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി സഹായത്തോടെയുള്ള സുസ്ഥിര നഗര വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ?

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്.

1747. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം;

(ബി) പഴയ ഓർഡിനൻസിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ ഓർഡിനൻസിലുള്ളത്;

(സി) പുതിയ ഓർഡിനൻസ് പ്രകാരം വികേന്ദ്രീയ ആസൂത്രണ പ്രക്രിയയിൽ ഏത് തരത്തിൽ മാറ്റങ്ങളുണ്ടാകുമെന്ന് വിശദമാക്കുമോ?

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ് രൂപികണത്തിന് നടപടി

1748. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ് രൂപികരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ ;

(സി) ഇതിൽ നിന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെ ; എപ്പോൾ ഇത് രൂപീകൃതമാകുമെന്ന് വ്യക്തമാക്കുമോ ?

കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ

1749. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും ഭവന വായ്പ എടുത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും ഭവന വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വികസന അതോറിറ്റിയിൽ ഒടുക്കേണ്ട വായ്പ തുക ഇപ്പോൾ ഏത് സ്ഥാപനത്തിലാണ് ഒടുക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) മുഴുവനായി വായ്പ്പതുക ഒടുക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് ഗഡുക്കളായി ഒടുക്കാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് വികസന അതോറിറ്റി

1750. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽ നിന്ന് എത്രയാളുകൾ വായ്പ എടുത്തിരുന്നു; വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാത്ത എത്ര പേർ ഉണ്ട്; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത്;

(ബി) വായ്പക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്;

(സി) വായ്പ മുഴുവൻ അടച്ചു തീർത്തവരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാൻ ബാക്കിയുണ്ടോ;

(ഡി) കാഡ (കാസർഗോഡ് ഡവലപ്മെന്റ് അതേറിറ്റി) ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടച്ചു തീർക്കാനുള്ള വായ്പകൾ എഴുതി തള്ളാനോ ഒ. ടി. എസ്. ആനുകൂല്യം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പുതിയ ഭവനനിർമ്മാണ പദ്ധതികൾ

1751. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഏതെല്ലാം സമുദായങ്ങളുണ്ടെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷംന്യൂനപക്ഷവിഭാഗങ്ങൾക്കായി ഏതെങ്കിലും പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് വീട് വച്ചു നൽകിയെന്നും അവ ഏതെല്ലാം വിഭാഗങ്ങൾക്കാണെന്നും ഇതിനായി എത്ര തുക ചെലവാക്കിയെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി

1752. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ ഏതൊക്കെയാണെന്നറിയിക്കുമോ ;

(ബി) ഓരോന്നിനും പ്രതിമാസം എത്ര രൂപ വീതമാണ് വിതരണം ചെയ്യുന്നത് ;

(സി) ഓരോ ഇനത്തിലും സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

1753. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവകുപ്പിൻ കീഴിൽ നടപ്പാക്കിയ പദ്ധതികളും പരിപാടികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

## ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ

1754. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(ബി) ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ മേഖലാ ആഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

1755. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ

(ബി) ഓരോ ആനുകൂല്യത്തിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ ?

## ന്യൂനപക്ഷ വിഭാഗ ക്ഷേമ പദ്ധതി

1756. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനത്തിനുള്ള പദ്ധതിയിൽ സംസ്ഥാനത്ത് എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് ധനസഹായം അനുവദിക്കുന്നത്;

(ഇ) തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ സി.പി.ആർ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ?

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വായ്പാ പദ്ധതികളും ധനസഹായ പദ്ധതികളും

1757. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സർക്കാരും വിവിധ കോർപ്പറേഷനുകളും നൽകുന്ന വായ്പാ പദ്ധതികളും ധനസഹായ പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ ജില്ലയിലും ഈ പദ്ധതികൾ പ്രകാരം എത്ര തുക വായ്പയായും

ധനസഹായമായും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ വായ്പാ പദ്ധതികൾക്ക് നൽകുന്ന സബ്സിഡി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള വീട് നിർമ്മാണം

1758. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വീട് നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് ഇതിനകം ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഇത്തരം വീടുകൾ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ്

1759. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ;പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി)

മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ

1760. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയ അപേക്ഷകൾക്ക് ദൂരപരിധിയിൽ ഇളവ് നൽകി അംഗീകാരം നൽകാൻ സർക്കാർ സന്നദ്ധമാകുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
08-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.